# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 09 സെപ്റ്റംബർ – 2018 ലക്കം 9**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം

സർക്കുലർ ........................................................................ 05
സർക്കുലർ ........................................................................ 11
സർക്കുലർ ........................................................................ 14
പുരോഹിതൻ: അരൂപിയുടെ മനുഷ്യൻ .................... 18
രൂപതാകച്ചേരി വാർത്തകൾ ...................................... 26
പൊതുപിരിവുകൾ .................................................... 32
*Order of Dismissal* ................................................... 40
ദൈവവിളി ക്യാമ്പ് .................................................... 41
വൈദികരുടെ മാസധ്യാനം ...................................... 41
യുവജനവർഷം ........................................................ 42
ബൈബിൾ അപ്പോസ്തലേറ്റ് ...................................... 43
മതബോധനരംഗം .................................................... 44
ചെറുപുഷ്പമിഷൻലീഗ് ............................................ 52
*Department of Youth Ministry* .................................. 60
കെ.സി.വൈ.എം. ...................................................... 61
കുടുംബപ്രേഷിതത്വം .............................................. 63
സീയോൻ വാർത്തകൾ ............................................ 67
കത്തോലിക്കാ കോൺഗ്രസ് ...................................... 69
വിൻസെന്റ് ഡി പോൾ സൊസൈറ്റി .......................... 72
ബയോവിൻ അഗ്രോ റിസർച്ച് ...................................... 74
റേഡിയോ മാറ്റൊലി .................................................. 77
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ........................ 83
ജയിൽ മിനിസ്ട്രി ...................................................... 84
Mary Matha Arts & Science College .............................. 85
അറിയിപ്പുകൾ .......................................................... 86
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 88
ബിഷപ്പ്സ് പ്രോഗ്രാം .................................................. 89

# സർക്കുലർ

***Circular Letter No. 05/2018***
***Prot. No. 21239/2018***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടരേ,

പേമാരിയും വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉരുൾപൊട്ടലും എല്ലാം ചേർന്ന് ദുരിതമയമാക്കിയ കേരള ജനതയുടെ ജീവിതം സാവധാനം സാധാരണ നിലയിലേക്ക് മടങ്ങി വന്നുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥയും ഏകദേശം സാധാരണ നിലയിലായിക്കഴിഞ്ഞിരിക്കുന്നു. എങ്കിലും ഇനിയും പലസ്ഥലത്തും വെള്ളം ഇറങ്ങാനുണ്ട്. പലരും ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ തന്നെയാണ്. അവർക്കും താമസംവിനാ തങ്ങളുടെ സ്വന്തം വീടുകളിലേക്ക് മടങ്ങാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇത്തരുണത്തിൽ നമ്മുടെ പ്രാർത്ഥനകൾ ശ്രവിച്ച നല്ല ദൈവത്തിന് കൃതജ്ഞതയർപ്പിക്കാം.

മനുഷ്യൻ ഒറ്റക്ക് ഒന്നുമല്ലെന്നും എന്നാൽ പരസ്പര സ്നേഹത്തോടെ ഒന്നിച്ചു നിന്നാൽ എല്ലാമാണെന്നും നമ്മൾ മനസിലാക്കിയ ദിവസങ്ങളാണ് കടന്നു പോയത്. ദൈവത്തിന്റെ സ്വന്തം നാട് എന്ന് നമ്മൾ പേരിട്ട് വിളിക്കുന്ന നമ്മുടെ കേരളത്തിൽ ഇപ്പോഴുള്ള ഈ സ്നേഹാന്തരീക്ഷം എന്നുമെന്നും നിലനിൽക്കട്ടെ. ജാതിയും മതവും ഭാഷയും രാഷ്ട്രീയവും സമ്പത്തും ദാരിദ്ര്യവും ഒന്നും നമ്മളെ ഭിന്നിപ്പിക്കാതിരിക്കട്ടെ. നമുക്ക് പരസ്പരം നന്ദിയുള്ളവരായിരിക്കാം. എന്നും എല്ലാവർക്കും പരസ്പരം ആവശ്യമുണ്ടാകും എന്ന സത്യത്തെ എന്നും നമ്മുടെ ഓർമ്മയിൽ നിലനിർത്താം.

മാനന്തവാടി രൂപതയുടെ ഭൂരിഭാഗവും ഉൾകൊള്ളുന്ന വയനാട് ജില്ലയിലും മലപ്പുറം ജില്ലയിലെ മൂലേപ്പാടം പ്രദേശവും കണ്ണൂർ ജില്ലയിലെ അമ്പായത്തോട് കൊട്ടിയൂർ പ്രദേശങ്ങളും ഈ ദുരിതത്തിന്റെ ഇരകളായിരുന്നു. എല്ലായിടത്തും തന്നെ നമ്മുടെ സഹോദരങ്ങൾ രൂപതയ്ക്കകത്തുനിന്നും പുറത്തു നിന്നും സഹായഹസ്തവുമായി ഓടിയെത്തി. പലയിടങ്ങളിലും ദുരിതാശ്വാസക്യാമ്പുകൾ നമ്മുടെ രൂപതയിലെ സ്കൂളുകളിലും കോളേജുകളിലും പാരീഷ് ഹാളുകളിലും പള്ളികളിൽ പോലുമാണ് പ്രവർത്തിച്ചത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ

നേതൃത്വം വഹിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്ത രൂപതാകേന്ദ്രവും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. രൂപതയിലെ ബഹു. വൈദികരും സമർപ്പിതരും അത്മായ സഹോദരങ്ങളും എല്ലാം തോളോടുതോൾ ചേർന്ന് പ്രവർത്തിച്ചു. രൂപതയുടെ വിവിധ ഡിപ്പാർട്ട്മെന്റുകളും രൂപതയിലെ സന്യാസസമൂഹങ്ങളും സംഘടനകളും സ്ഥാപനങ്ങളും ഇടവകകളും വൈദിക വിദ്യാർത്ഥികളും വ്യക്തികളും എല്ലാം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഒറ്റക്കെട്ടായും ഏകോപനത്തോടെയും പ്രവർത്തിച്ചു എന്നത് ഏറെ ചാരിതാർത്ഥ്യം നൽകുന്ന ഒന്നാണ്. പ്രതികൂല കാലാവസ്ഥയെ അവഗണിച്ച് വിവിധസ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്താൻ രൂപതയുടെ ആതുരശുശ്രൂഷാ സംഘത്തോട് ഒത്തുചേർന്ന കമില്യൻ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു. എല്ലാവരെയും നന്ദിപൂർവ്വം ഓർക്കുകയും ഏവർക്കും ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു.

നമ്മുടെ ആവശ്യനേരത്ത് അവശ്യവസ്തുക്കളുമായി ആദ്യം തന്നെ ഓടിയെത്തിയ തൃശൂർ അതിരൂപതാംഗങ്ങളേയും നമ്മുടെ മാതൃരൂപതയായ തലശ്ശേരി അതിരൂപതയേയും അതിരൂപതയിലെ വിവിധ സംഘടനകളേയും സന്യാസസമൂഹങ്ങളേയും ഇടവകകളേയും സ്ഥാപനങ്ങളെയും വ്യക്തികളേയും നന്ദിപൂർവ്വം ഓർക്കുന്നു. നമ്മുടെ സഹോദര രൂപതകളായ ബെൽത്തങ്ങാടി, ഭദ്രാവതി, മണ്ഡ്യ, ഷംഷാബാദ്, തിരുവനന്തപുരം (ലത്തീൻ) അതിരൂപത എന്നിവിടങ്ങളിൽ നിന്ന് നമുക്ക് വലിയ രീതിയിലുള്ള സഹായങ്ങൾ ലഭിച്ചു. ഈ രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാരുടെയും ബാക്കി എല്ലാവരുടേയും നിർലോഭമായ പ്രാർത്ഥനയും നമുക്കുണ്ടായിരുന്നു. സാധനങ്ങൾക്ക് പകരം സാമ്പത്തികമായി സംഭാവന ചെയ്തവരും വെള്ളം കയറി ചെളിനിറഞ്ഞ വീടുകൾ വൃത്തിയാക്കാൻ എല്ലാ സന്നാഹങ്ങളുമായി വന്ന് സഹായിച്ചവരും ഒട്ടും കുറവല്ല. ഇടവകകളും സന്യാസ സമൂഹങ്ങളും സ്ഥാപനങ്ങളും എല്ലാം അക്കൂട്ടത്തിലുണ്ട്. നമ്മുടെ പല വൈദികരും തങ്ങളുടെ ഒരു മാസത്തെ അലവൻസ് ഈ ഉദ്ദേശ്യത്തിലേയ്ക്ക് തന്നു. എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ. നമുക്ക് സഹായസഹകരണങ്ങൾ ചെയ്ത് തന്ന പ്രാദേശിക ഭരണകൂടങ്ങളെയും, കാരിത്താസ് ഇന്ത്യ, കാത്തലിക് റീലീഫ് സർവ്വീസസ്, ഇൻഡ്യൻ റെഡ് ക്രോസ് പോലെയുള്ള സംഘടനകളെയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുപോലുമുള്ള കൂട്ടായ്മകളെയും നന്ദിപൂർവ്വം ഓർക്കാം.

പലതരം സഹായങ്ങളുമായി ഇനിയും ധാരാളം ഉപകാരികൾ വരാൻ തയ്യാറാണ് എന്നറിയിച്ചിട്ടുണ്ട്. എങ്കിലും ജനജീവിതം ഏതാണ്ട് സാധാരണ നിലയിൽ ആയതുകൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി നമ്മൾ നടത്തികൊണ്ടിരുന്ന ഭക്ഷണവസ്തുക്കളുടേയും മറ്റ് അവശ്യസാധനങ്ങളുടേയും വിതരണം തൽക്കാലത്തേയ്ക്ക് അവസാനിപ്പിക്കുകയാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ രണ്ടാംഘട്ടമായ പുനരധിവാസ പ്രവർത്തനങ്ങളിൽ ആ പ്രിയപ്പെട്ടവരുടെ സഹായം ആവശ്യം വരും. പ്രിയപ്പെട്ടവരേ, നിങ്ങളുടെ സന്മനസ്സിന് മുൻകൂട്ടി നന്ദി പറയുന്നു. നമ്മൾ ഔദ്യോഗികമായി വിതരണം നിർത്തിയെങ്കിലും ഇടവകകളും മറ്റുമായി നേരിട്ട് സഹകരിച്ച് താൽപര്യമുള്ളവർക്ക് പ്രവർത്തനം തുടരാവുന്നതാണ്. കാരണം ഓരോ പ്രദേശത്തെയും സ്ഥിതി വളരെ വ്യത്യസ്തമാണല്ലോ. മാത്രമല്ല വീട്ടിലെത്തി ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇപ്പോൾ കിട്ടിയിരിക്കുന്നത് തീരുമെന്നും പിന്നീട് വാങ്ങാൻ പലരുടെയും കൈയ്യിൽ പണം ഉണ്ടാവുകയില്ല എന്നതും നമ്മൾ ഓർക്കേണ്ടതുണ്ട്. അതാത് സ്ഥലങ്ങളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുമായി ധാരണയിലെത്തി തുടർന്നുള്ള ഭക്ഷണ വിതരണവും മറ്റും നടത്തുന്നത് ഏറെ ഉചിതവും സ്വീകാര്യവുമായിരിക്കും.

ദുരിതാശ്വാസ പ്രവർത്തനത്തിന്റെ രണ്ടാം ഘട്ടമാണ് ഏറെ പ്രയാസകരം. വളരെയേറെപ്പേർക്ക് വീട് ഭാഗികമായോ മുഴുവനായോ നഷ്ടപ്പെട്ടു. അവർക്ക് താമസയോഗ്യമായ വീട് ലഭ്യമാക്കേണ്ടതുണ്ട്. അതിനും എല്ലാവരുടെയും ഉദാരമായ സഹായസഹകരണങ്ങൾ ഉണ്ടാകണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. വീട് വയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലം കൊടുക്കാൻ സന്മനസ്സുള്ളവർ നമ്മുടെ ഇടവകകളിൽ ഉണ്ടാകും എന്ന് ഞാൻ പ്രത്യാശിക്കുന്നു. ആവശ്യത്തിലധികം സ്ഥലം കൈവശമുള്ള ഇടവകകളും ഇപ്രകാരം സ്ഥലം സംഭാവന ചെയ്യാൻ തയ്യാറാകുന്നത് ശ്ലാഘനീയമാണ്. സന്യസ്തസമൂഹങ്ങളുടെ സഹകരണം ഇക്കാര്യത്തിലേക്ക് പ്രത്യേകം ഞാൻ ക്ഷണിക്കുന്നു. അവരും ബാക്കി എല്ലാവരും അപ്രകാരം ചെയ്യുന്നത് നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന്റെ വലിയ സാക്ഷ്യമായിരിക്കും.

നമ്മുടെ കുടുംബ കൂട്ടായ്മകൾ ഇക്കാര്യത്തിൽ സവിശേഷ ശ്രദ്ധ പതിപ്പിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. കുടുംബ കൂട്ടായ്മകൾ ആരംഭിച്ചപ്പോൾ നമ്മൾ തുടങ്ങിവച്ച ഒരു പദ്ധതിയാണല്ലോ ഭവനരഹി

തർക്കുള്ള ഭവനനിർമ്മാണ പദ്ധതി. ആരും വീടില്ലാതെ നമ്മുടെ ഇടവകകളിൽ കഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടത് നമ്മുടെ കടമയാണ്.

ആദ്യം തന്നെ ചെയ്യേണ്ടത് വീട് നഷ്ടപ്പെട്ടവരുടെ ഒരു കണക്കെടുപ്പ് നടത്തുകയാണ്. ഓരോ കൂട്ടായ്മയിലും ഉൾപ്പെട്ടവർക്ക് തങ്ങളുടെ പ്രദേശത്തുള്ളവരുടെ കണക്കെടുക്കാൻ അധികം സമയമൊന്നും വേണ്ടി വരുകയില്ല. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നേതൃത്വമെടുത്ത് കുടുംബകൂട്ടായ്മകളുടെ സഹകരണത്തോടെ എത്രയും വേഗം ആവശ്യമുള്ള വീടുകളുടെ കണക്ക് രൂപതാ കേന്ദ്രത്തിൽ അറിയിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. വീടുകൾ വച്ച് കൊടുക്കാൻ താത്പര്യമുള്ളവരും രൂപതയ്ക്ക് പുറത്ത് നിന്നുള്ളവരും ആയ സംഘടനകളും വ്യക്തികളും മറ്റും ഉണ്ടാകും. കൃത്യമായ കണക്ക് കിട്ടിയാലേ അവരെ സഹായത്തിനായി സമീപിക്കാൻ പറ്റുകയുള്ളു. അത് എത്രയും വേഗം വേണം താനും. താമസിക്കുന്നതനുസരിച്ച് ഇക്കാര്യത്തിലുള്ള താത്പര്യം കുറഞ്ഞു വരും എന്ന് നമുക്കറിയാമല്ലൊ.

വീടിന് സഹായം ആവശ്യമുള്ള കുടുംബങ്ങളിലെ കുടുംബനാഥന്റെ പേര്, വീട്ടുപേര്, പിൻകോഡ് അടക്കമുള്ള മേൽവിലാസം, ഫോൺ നമ്പർ മൊബൈലിന്റേത് ഉൾപ്പെടെ, ആധാർ നമ്പർ, കുടുംബത്തിന്റെ സാമ്പത്തികസ്ഥിതി, അംഗങ്ങളുടെ എണ്ണം, ഇപ്പോഴുള്ള വീടിന്റെ അവസ്ഥ (ഭാഗികമായി തകർന്നത്, പൂർണ്ണമായി തകർന്നത്, വീടിന് കേടുപാടുകൾ സംഭവിച്ചില്ലെങ്കിലും മണ്ണിടിച്ചിൽ മൂലം താമസയോഗ്യമല്ലാതായത്), വീട് വയ്ക്കാൻ സ്വന്തമായി സ്ഥലമുണ്ടോ, ആകെ എത്രമാത്രം സ്ഥലമുണ്ട്, ഏകദേശം എത്ര രൂപ കിട്ടിയാൽ പണി പൂർത്തിയാക്കാൻ കഴിയും, അതിൽ സ്വന്തമായി എത്ര തുക കണ്ടെത്താം, ഇടവകയിൽ നിന്ന് എത്രമാത്രം സംഭരിക്കാം എന്നീ വിവരങ്ങളെങ്കിലും കിട്ടിയാലേ സഹായാഭ്യർത്ഥനയുമായി മുമ്പോട്ട് പോകാൻ കഴിയുകയുള്ളു

വീടുകളുടെ കാര്യം എന്നതുപോലെതന്നെ നമ്മുടെ ശ്രദ്ധ അർഹിക്കുന്ന കാര്യമാണ് മറ്റ് അനുബന്ധ നഷ്ടങ്ങളും. വീട്ടുപകരണങ്ങൾ, വളർത്തുമൃഗങ്ങൾ, പഠനോപകരണങ്ങൾ എന്നിവയുടെ നഷ്ടം ഭീമമാണ്. അവയും പരിഹരിക്കപ്പെടേണ്ടതുണ്ട്. പലരുടെയും അടിസ്ഥാന ജീവിതമാർഗ്ഗമായ കൃഷിയുടെ നാശം മൂലമുണ്ടായ നഷ്ടം എല്ലാ കണക്കുകൾക്കും അതീതമാണ്. വീടുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകുന്നതുപോലെ തന്നെ മറ്റു നഷ്ടങ്ങളുടെ വിവരവും

ഈ കൂട്ടത്തിൽ അറിയിക്കേണ്ടതാണ്. അതിനായി താഴെ പറയുന്ന വിധം ഒരു സർവ്വേ നടത്തി വിവരങ്ങൾ അറിയിക്കുമല്ലോ.

**ഇടവകയിലെ കുടുംബങ്ങളിൽ നഷ്ടം സംഭവിച്ചവയുടെ ആകെ എണ്ണമാണ് താഴെ ആവശ്യപ്പെട്ടിരിക്കുന്നത്:-**

1. വീട് പൂർണ്ണമായി നഷ്ടപ്പെട്ടകുടുംബങ്ങൾ......... എണ്ണം ഏകദേശനഷ്ടം രൂപ......
2. വീട് ഭാഗികമായി നഷ്ടപ്പെട്ടകുടുംബങ്ങൾ...........എണ്ണം ഏകദേശനഷ്ടം രൂപ......
3. വീടും സ്ഥലവും നഷ്ടപ്പെട്ടകുടുംബങ്ങൾ...........എണ്ണം ഏകദേശനഷ്ടം രൂപ......
4. വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടകുടുംബങ്ങൾ.......എണ്ണം ഏകദേശനഷ്ടം രൂപ......
5. വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടകുടുംബങ്ങൾ........എണ്ണം ഏകദേശനഷ്ടം രൂപ......
6. പഠനോപകരണങ്ങൾ നഷ്ടപ്പെട്ടകുടുംബങ്ങൾ....എണ്ണം ഏകദേശനഷ്ടം രൂപ......
7. കൃഷികൾ നഷ്ടപ്പെട്ടകുടുംബങ്ങൾ.....................എണ്ണം ഏകദേശനഷ്ടം രൂപ......
8. വാഹനങ്ങക്ക് കേടുപാട് വന്ന കുടുംബങ്ങൾ.......എണ്ണം ഏകദേശനഷ്ടം രൂപ......

ഇടവകയിലെ എല്ലാ കുടുംബങ്ങളിലെയും കൂടി ആകെ നഷ്ടം രൂപ ......................


സെപ്റ്റംബർ മാസം 10-ാം തീയതിക്ക് മുമ്പായി മേൽപ്പറഞ്ഞ വിവരങ്ങൾ രൂപതാ സോഷ്യൽ സർവ്വീസ് ഡിപ്പാർട്ടുമെന്റിന്റെയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ഡയറക്ടർ ആയ ബഹു. പോൾ കൂട്ടാല അച്ചന്റെ പേർക്കാണ് വിവരങ്ങൾ അയയ്ക്കേണ്ടത്. അച്ചന്റെ ഫോൺ നമ്പർ: 8281220070, വാട്ട്സ് ആപ്പ് നമ്പർ: 9497809310, ഈ മെയിൽ: frpaulkoottala@gmail.com

കഴിവിന്റെ പരമാവധി സഹായങ്ങൾ ചെയ്യാൻ രൂപതയുടെ നേതൃത്വം എപ്പോഴും തയ്യാറാണെങ്കിലും നമുക്ക് ഒരുപാട് പരിമിധികൾ ഉണ്ട് എന്നുകൂടി ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. സന്മനസ്സുള്ള നമ്മുടെ മറ്റ് സഹോദരങ്ങളെ കണ്ടെത്തി അവരിൽ നിന്ന് സഹായങ്ങൾ സ്വീകരിച്ചാണ് രൂപതയുടെ ഭാഗത്ത് നിന്നുള്ള പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നത്. അതിനാൽതന്നെ അതിന് പരിമിതികളും അനിശ്ചിതത്വവുമുണ്ട്. ആവശ്യമുള്ള തുകയ്ക്ക് ആനുപാതികമായി സംഭാവനകൾ കിട്ടിക്കൊള്ളണമെന്നില്ല. അതുകൊണ്ട് ഉദ്ദേശിച്ചത്ര രീതിയിൽ എല്ലാവരേയും സഹായിക്കാൻ പറ്റി എന്നും വരില്ല. എന്നാൽ സർക്കാർ ചെയ്യുന്ന പുനരധിവാസ പ്രവർത്തനങ്ങൾ അമയബന്ധിതവും തീർച്ചയുള്ളതുമാണ്. സർക്കാരിന്റെ ഭാഗത്തുനിന്ന് എല്ലാതരത്തിലുള്ള നഷ്ടങ്ങൾക്കും പുനർ നിർമ്മാണത്തിനും സഹായങ്ങൾ ചെയ്യുന്നുണ്ട്. അവ ലഭ്യമാകണമെങ്കിൽ ആവശ്യമായ രേഖകളോടെ നഷ്ടത്തിന്റെ യഥാർത്ഥ കണക്കുകൾ ബന്ധപ്പെട്ട ഓഫീസുകളിൽ സമയബന്ധിതമായി ഹാജരാക്കി പേര് രജിസ്റ്റർ ചെയ്യണം. ഇക്കാര്യത്തിൽ

ബഹു.വികാരിയച്ചന്മാർക്കും സമർപ്പിതർക്കും കുടുംബകൂട്ടായ്മകൾ, സംഘടനകൾ എന്നിവയുടെ ഭാരവാഹികൾക്കും വളരെയധികം ചെയ്യാൻ കഴിയും. പുനരധിവാസസഹായങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ സർക്കാർ ഓഫീസുകളിൽ നിന്നും സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെ വെബ്സൈറ്റുകളിൽ നിന്നും കണ്ടെടുത്ത് ആവശ്യക്കാരെ യഥാസമയം വിവരം അറിയിക്കുകയും രേഖകളും കണക്കുകളും തയ്യാറാക്കി കൊടുക്കാൻ സഹായിക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. മാധ്യമങ്ങളിലൂടെ നിരന്തരമായി ഇവ സംബന്ധമായുള്ള അറിയിപ്പുകൾ ബന്ധപ്പെട്ട ഓഫീസുകൾ നൽകിവരുന്നുണ്ട്.

ഈ ഭൂമിയിൽ എല്ലാവരും ഈശോമിശിഹായെ രക്ഷകനായി സ്വീകരിച്ച് ദൈവത്തെ ആബാ, പിതാവേ എന്ന് വിളിക്കുന്നില്ലെങ്കിലും നമ്മളെല്ലാം സഹോദരീ സഹോദരന്മാരാണ്. കാരണം പിതാവേ എന്ന് വിളിച്ചില്ലെങ്കിലും അവിടുന്ന് പിതാവ് അല്ലാതാകുന്നില്ല. അതുകൊണ്ടുതന്നെ നമ്മളെല്ലാവരും സഹോദരങ്ങളാണ്. സഹോദരങ്ങളിൽ ഏതാനും പേർ സാമാന്യം ഭേദമായി ജീവിക്കുമ്പോൾ മറ്റുള്ളവർ ഒരു നല്ല വീടും ജീവനമാർഗ്ഗവും ഇല്ലാതെ അലയേണ്ടി വരുന്നത് ആ പിതാവ് ഇഷ്ടപ്പെടുകയില്ല എന്നത് തീർച്ചയാണ്. മറ്റ് മക്കൾക്ക് അത് ഭൂഷണവുമല്ല. നമ്മുടെ ഇടവകകളും സന്യസ്ത സമൂഹങ്ങളും സ്ഥാപനങ്ങളും സംഘടനകളും കുടുംബകൂട്ടായ്മകളും വ്യക്തികളും സഹോദര സ്നേഹത്തിന്റെ മൂർത്തീഭാവങ്ങളാകട്ടെ. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് 2018 ഓഗസ്റ്റ് 22 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2018 ഓഗസ്റ്റ് 26 ന് ഞായറാഴ്ച എല്ലാ ഇടവക പള്ളികളിലും വിശ്വാസി സമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വിശുദ്ധ കുർബാന അർപ്പിക്കുന്ന മറ്റെല്ലായിടത്തും വി.കുർബാന മദ്ധ്യേ വായിച്ചിട്ടുണ്ടാകുമല്ലോ.**

# സർക്കുലർ

Prot.No.1522/2018

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

പ്രളയത്തിന് ഏറെക്കുറെ ശമനമായി. മഴമൂലവും അണക്കെട്ടുകൾ തുറന്നതുമൂലവുമുള്ള വെള്ളത്തിന്റെ വരവും നിലച്ചിട്ടുണ്ട്. എങ്കിലും പടിഞ്ഞാറൻ പ്രദേശങ്ങളിൽ വിശിഷ്യ, കുട്ടനാട്, ചെങ്ങന്നൂർ മുതലായ പ്രദേശങ്ങളിൽ പല വീടുകളും ഇപ്പോഴും വെള്ളക്കെട്ടിലാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളും ജനങ്ങളുടെ പുനരധിവാസവുമാണ് ഇനി നമ്മുടെ മുമ്പിലുള്ള പ്രധാന ധർമ്മം. സർക്കാരും ഉദ്യോഗസ്ഥരും സഭയും പലതലങ്ങളിലുള്ള സദ്ധസംഘടനകളും ഈ രംഗത്ത് കൈകോർത്ത് പ്രവർത്തിക്കുന്നുണ്ട് എന്നത് വളരെ ആശ്വാസകരമായ വസ്തുതയാണ്. യുവജനങ്ങളുടെ സാന്നിദ്ധ്യവും സജീവമാണ്.

കേരളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിന് സർക്കാരിന്റെ പരിശ്രമങ്ങളെ സഹായിക്കുക എന്നത് നമ്മുടെ കടമയാണ്. കെ.സി.ബി.സി.യുടെ പ്രസിഡന്റ് കേരളത്തിലെ കത്തോലിക്കാ സഭയ്ക്കുവേണ്ടി ഒരു കോടിരൂപാ മുഖ്യമന്ത്രിയെ ഏൽപ്പിച്ചു. ഇതര ക്രൈസ്തവസഭകളും അപ്രകാരം സംഭാവനകൾ നൽകിയിട്ടുണ്ട്. കെ.സി.ബി.സി. യുടെ സംഭാവനയിൽ സീറോ മലബാർ സഭയുടെ പങ്കും ഉണ്ടെന്നു നിങ്ങൾക്കറിയാമല്ലോ. സീറോമലബാർ സഭയുടെ പൊതുവായ ആഭിമുഖ്യത്തിൽ പിരിക്കുന്ന മുഴുവൻ തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്കു നൽകുന്നതാണ്. സർക്കാരിന്റെ പുനരധിവാസ പ്രവർത്തനങ്ങളോട് സഹകരിക്കുന്നതോടൊപ്പം നമ്മുടെ രൂപതകളുടെയും സമർപ്പിത സമൂഹങ്ങളുടെയും ആഭിമുഖ്യത്തിൽ നടക്കുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും സാമ്പത്തികം ആവശ്യമാണല്ലോ. അത്തരം പ്രവർത്തനങ്ങൾക്കും എല്ലാവരും സഹായസഹകരണങ്ങൾ നൽകി വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾ നാം നിർവഹിച്ച രീതി കേരള ജനതയുടെ ഒത്തൊരുമയുടെയും ഐക്യദാർഢ്യത്തിന്റെയും ഉത്തമ നിദർശനമായിരുന്നു. അതിൽ മത്സ്യത്തൊഴിലാളികൾ നിർവ്വഹിച്ച പങ്ക് അവിസ്മരണീയമാണ്. പ്രധാനമായും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ പ്രദേശങ്ങളിൽ നിന്നു വന്ന മത്സ്യത്തൊഴിലാളികളാണ് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. പത്തനംതിട്ട, ചെങ്ങന്നൂർ, കുട്ടനാട് എന്നിവിടങ്ങളിൽ ആയിരങ്ങളുടെ ജീവൻ രക്ഷിക്കാൻ സാധിച്ചത് അവരുടെ സാഹസികമായ യത്നത്തിലൂടെയാണ്. ആരും ആവശ്യപ്പെട്ടിട്ടല്ല അവർ വന്നത്; സ്വമേധയാ വള്ളങ്ങളും ബോട്ടുകളുമായി വന്നു. നഷ്ടങ്ങളെക്കുറിച്ചോ, ചെലവുകളെക്കുറിച്ചോ അവർ ചിന്തിച്ചില്ല. അവസരത്തിനൊത്ത് ഉയർന്നു പ്രവർത്തിക്കുകയാണ് ചെയ്തത്. നമ്മുടെ കടലോരമക്കളുടെ വിശ്വാസത്തിന്റെയും സഹോദരസ്നേഹത്തിന്റെയും വലിയ ഒരു സാക്ഷ്യമാണ് ഇവിടെ പ്രകടമായത്. അവരിലൂടെ ദൈവത്തിന്റെ മഹത്വം ഈ സന്ദർഭത്തിൽ പ്രകാശിതമാകുകയായിരുന്നു.

ദുരിതാശ്വാസക്യാമ്പുകളിൽ കഴിഞ്ഞ ലക്ഷക്കണക്കിനാളുകൾക്ക് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വലിയൊരു സാക്ഷ്യം നൽകുവാൻ എത്രയോ പേർസന്നദ്ധരായി. ഇപ്പോഴും ക്യാമ്പുകൾ നിലനിൽക്കുന്ന സ്ഥലങ്ങൾ ഉണ്ട്. അതുപോലെ സൈന്യത്തിന്റെയും പോലീസിന്റെയും സേവനവും സമർപ്പണത്തിന്റെ സാധകപാഠമായിരുന്നു. സഭയുടെ ഭാഗത്തുനിന്ന് സോഷ്യൽ സർവീസ് സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ മെത്രാന്മാരും വൈദികരും ചേർന്നു നടത്തിയ രക്ഷാപ്രവർത്തനങ്ങളെ സ്നേഹപൂർവം അഭിനന്ദിക്കുന്നു. "മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ " (മത്തായി. 5 : 16). എന്ന സുവിശേഷവചനം ഇവിടെ അന്വർത്ഥമായി. പ്രളയത്തിൽ ജീവഹാനി സംഭവിച്ചവരെയും അവരുടെ ദു:ഖിതരായ കുടുംബാംഗങ്ങളെയും നമുക്ക് ദൈവകാരുണ്യത്തിന് സമർപ്പിക്കാം.

ഉരുൾപൊട്ടൽ മൂലവും മണ്ണിടിച്ചിൽ മൂലവും കെട്ടിടങ്ങൾ ഇടിഞ്ഞുവീണതു മൂലവും കുടുംബങ്ങൾ മുഴുവനായി തിരോധാനം ചെയ്ത ദു:ഖസംഭവങ്ങളും ഉണ്ടല്ലോ. ഇത്തരം സംഭവങ്ങളിൽ ദു:ഖിതരായിരിക്കുന്നവർക്ക് ആശ്വാസത്തിന്റെയും കരുതലിന്റെയും

സഹായഹസ്തങ്ങൾ നീട്ടുവാൻ നമുക്ക് പരിശ്രമിക്കാം. ഈ പ്രളയത്തിന്റെ പ്രഹരത്തിൽ നാം ഭഗ്നാശരാകേണ്ടതില്ല. ദൈവം നമ്മോടു കൂടെയുണ്ട്. മനുഷ്യന്റെ ദൗർബല്യങ്ങൾ തിന്മകൾ സൃഷ്ടിക്കുന്നതു പോലെ പ്രകൃതിയുടെ ദൗർബല്യവും ഈ പ്രളയത്തിൽ പ്രകടിതമായി എന്ന് മനസ്സിലാക്കുകയാണ് വേണ്ടത്. എല്ലാ നഷ്ടങ്ങൾക്കും ദൈവം പരിഹാരം തരും. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിലുള്ള പ്രത്യാശ കൈവെടിയാതെ നമുക്കൊന്നിച്ചു മുന്നേറാം. കാരുണ്യവാനായ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

**NB:- ഈ സർക്കുലർ സാധിക്കുന്നവിധത്തിൽ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# സർക്കുലർ

16.8.2018

പ്രിയ സഹോദരങ്ങളേ,

ഒന്നിനുപുറകെ ഒന്നായി തുടർച്ചയായ ദുരന്താനുഭവങ്ങളിലൂടെ നാം കടന്നുപോകുകയാണ്. സമീപകാലത്തൊന്നും കേരളം നേരിട്ടി ട്ടില്ലാത്തത്ര അതിരൂക്ഷമായ ഒരു മഴക്കെടുതിയുടെ പിടിയിലാണ് നമ്മുടെ സംസ്ഥാനം ഇന്ന്. കഴിഞ്ഞ രണ്ടാഴ്ചയിലേറെയായി സംസ്ഥാ നത്തിന്റെ തെക്കേയറ്റം തിരുവനന്തപുരം മുതൽ വടക്കേയറ്റം കാസർകോടുവരെ പെയ്തിറങ്ങുന്ന അതിരൂക്ഷമായ പേമാരിയാണ് ഈ പ്രളയക്കെടുതിക്ക് കാരണം. കഴിഞ്ഞ അഞ്ചു ദശാബ്ദത്തിനിടയിൽ ഇത്രയും ഗുരുതരമായ ഒരു മഴക്കെടുതി കേരളം നേരിട്ടിട്ടില്ലെന്നുവേണം പറയാൻ. 1924 ലാണ് ഏതാണ്ട് ഇതിന് സമാനമായ ഒരു പ്രളയം നമ്മുടെ സംസ്ഥാനത്തെ ദുരിതത്തിലാഴ്ത്തിയത്.

ഇത്തവണ പേമാരി വിതച്ച പ്രളയക്കെടുതി പരിഹരിക്കാനാ വാത്ത നാശനഷ്ടങ്ങളാണ് സംസ്ഥാനത്തിന് വരുത്തിവച്ചിരിക്കുന്നത്. പേമാരിയും ഉരുൾപൊട്ടലും 8316 കോടിയുടെ നാശനഷ്ടം കേരളത്തി നുണ്ടാക്കിയിരിക്കുന്നുവെന്നാണ് സംസ്ഥാന സർക്കാരിന്റെ പ്രാഥമിക കണക്ക്. 14 ജില്ലകളെയും പ്രളയക്കെടുതി ബാധിച്ചിരിക്കുന്നു. കെടുതി കൾക്കിരയായ കുടുംബങ്ങളിലെ ലക്ഷക്കണക്കായ ജനങ്ങളെ ദുരിതാ ശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കേണ്ടിവന്നു. ഇടുക്കി, വയനാട്, കണ്ണൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കാസർകോഡ് ജില്ലകളി ലുണ്ടായ ഉരുൾപൊട്ടലുകൾ വൻനാശനഷ്ടമാണ് വരുത്തിവച്ചത്. വിവിധ ജില്ലകളിലായി 350 ലേറെ ഉരുൾപൊട്ടലുകൾ ഉണ്ടായി എന്നാണ് കണക്ക്. ഇവയുടെ ഫലമായി നൂറുകണക്കിന് ഏക്കർ കൃഷി സ്ഥലങ്ങളും ആയിരക്കണക്കിന് ഏക്കറിലെ കൃഷിയും നശിച്ച് നാമാവ ശേഷമായി. റോഡുകളും പാലങ്ങളും ഒലിച്ചു പോയി. ഒരുവിമാന ത്താവളം തന്നെ അടച്ചിടേണ്ടിവന്നു. കേരളത്തിന്റെ നെല്ലറയായ കുട്ടനാട് ഒരുമാസത്തിലേറെയായി വെള്ളത്തിനടിയിലാണ്. കൃഷി

നാശത്തിന്റെ കണക്ക് ഇനിയും തിട്ടപ്പെടുത്തിയിട്ടില്ല. ലഭ്യമായ കണക്കനുസരിച്ച് പ്രളയദുരന്തത്തിൽ ഇതിനോടകം 87 പേർക്ക് ജീവഹാനി നേരിട്ടു. ഒട്ടേറെ വീടുകളും കെട്ടിടങ്ങളും പൂർണമായും ഭാഗികമായും തകർന്നു.

പേമാരിയെ തുടർന്ന് സംസ്ഥാനത്തെ 33 ജല സംഭരണികളിൽ നിന്നുള്ള വെള്ളം തുറന്നുവിടേണ്ടി വന്നു. ഇതുമൂലം നദികളുടെയും പുഴകളുടെയും ഇരുകരകളിലും താഴ്ന്ന പ്രദേശങ്ങളിലും ഉള്ളവർ പ്രളയദുരന്തത്തിലായി. താഴ്‌വാരമെന്നോ, മലയോര പ്രദേശമെന്നോ വ്യത്യാസമില്ലാതെ വിവരണാതീതമായ ദുരന്തമാണ് നമ്മുടെ കൊച്ചു കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ജനജീവിതം സാധാരണ നിലയിലേക്ക് കൊണ്ടുവരാൻ മാസങ്ങൾ തന്നെ വേണ്ടിവരും. ഇതിന് എല്ലാ ഭാഗത്തുനിന്നുമുള്ള സഹായം ഉണ്ടായേ മതിയാകൂ.

അതിവൃഷ്ടിമൂലവും വിവിധ അണക്കെട്ടുകളിലെ വെള്ളം തുറന്നുവിടേണ്ടി വന്നതിനാലും കേരളത്തെ ബാധിച്ചിരിക്കുന്ന ഗുരുതരമായ പ്രളയക്കെടുതിയിൽനിന്ന് കേരളജനതയ്ക്കു മോചനം ലഭിക്കാനും ദുരന്തമനുഭവിക്കുന്നവർക്ക് സാന്ത്വനം ലഭിക്കാനും ദൈവസന്നിധിയിലേക്ക് പ്രാർത്ഥനയുടെ കരങ്ങളുയർത്താൻ എല്ലാ മനുഷ്യരെയും കെസിബിസി ആഹ്വാനംചെയ്യുന്നു. എല്ലാ കത്തോലിക്കാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും ഈ നിയോഗത്തിനുവേണ്ടി ദിവ്യകാരുണ്യസന്നിധിയിൽ സമൂഹപ്രാർത്ഥന നടത്തണമെന്ന് മെത്രാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, വിശുദ്ധബലിയർപ്പണം, ദിവ്യകാരുണ്യ ആരാധന, ജപമാല, പരിത്യാഗ പ്രവൃത്തികൾ തുടങ്ങിയ ഭക്താഭ്യാസങ്ങളിലൂടെ അവശത അനുഭവിക്കുന്നവരുടെ ആശ്വാസത്തിനായി നാം പ്രത്യേകം പ്രാർത്ഥിക്കണം. അതോടൊപ്പം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഒരു നേരത്തെ ഉപവാസത്തിലൂടെയെങ്കിലും, 2018 ആഗസ്റ്റ് മാസം 26-ാം തീയതിയോടുകൂടി പിരിച്ചെടുക്കുന്ന തുക മാസാവസാനത്തിനു മുൻപുതന്നെ കെസിബിസി സെക്രട്ടറിയേറ്റിൽ എത്തിക്കേണ്ടതാണ്. എല്ലാ സന്ന്യസ്ത സമൂഹങ്ങളും കത്തോലിക്കാ സ്ഥാപനങ്ങളും തങ്ങളുടെ സംഭാവനകൾ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ തുക ഭാരതത്തിലെ എല്ലാ രൂപതകളിൽ നിന്നും ശേഖരിക്കുന്ന സംഭാവനകളുമായി കൂട്ടിച്ചേർത്ത് സിബിസിഐയുടെ ആഭിമുഖ്യത്തിൽ

കാരിത്താസ് ഇന്ത്യ വഴി കേരളത്തിൽ ദുരിതമനുഭവിക്കുന്നവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

നമ്മുടെ സ്ഥാപനങ്ങളിൽ നല്ലൊരു പങ്കും ഇപ്പോൾത്തന്നെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്. വലിയതോതിൽ സാമ്പത്തികവും അല്ലാതെയുമുള്ള സമാഹരണങ്ങൾ ദുരിതബാധിതർക്കായി ഇടവകതോറും നടക്കുന്നുമുണ്ട്. കഴിയുന്ന എല്ലാവിധത്തിലും സർക്കാരിന്റെയും മറ്റു സന്നദ്ധ സംഘടനകളുടെയും ദുരിത നിവാരണ പരിപാടികളോടു ചേർന്ന് പ്രവർത്തിക്കാൻ നമ്മുടെ എല്ലാ സംവിധാനങ്ങളും പ്രാദേശികതലത്തിൽ ശ്രദ്ധവയ്ക്കണം.

കെസിബിസിയുടെ സാമൂഹിക ക്ഷേമവിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറവും കാരിത്താസ് ഇന്ത്യയും രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളും സന്നദ്ധസംഘടനകളുമായി ചേർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മുൻനിരയിൽത്തന്നെയുണ്ട്. അവരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും, സർക്കാരുമായി സഹകരിച്ച് ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ ഫലപ്രദമായി പങ്കുചേരാനും നമുക്കു പരിശ്രമിക്കാം. എല്ലാവരുടെയും അകമഴിഞ്ഞ സഹകരണവും പിന്തുണയും ഇക്കാര്യത്തിലുണ്ടാകണം. നമ്മുടെ എല്ലാ ആരോഗ്യശുശ്രൂഷാ സ്ഥാപനങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും അടിയന്തര സാഹചര്യങ്ങളെ നേരിടാൻ സജ്ജമാക്കണം. യുവജനങ്ങൾ രൂപതാ സാമൂഹ്യക്ഷേമവിഭാഗവുമായി സഹകരിച്ച് സന്നദ്ധ സേനയായി പ്രവർത്തിക്കണം.

ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിങ്ങൾ നല്കിയ ഔദാര്യപൂർവകമായ സഹകരണം ഇക്കാര്യത്തിലും ഉണ്ടാകണമെന്ന് സ്നേഹപൂർവം അഭ്യർഥിക്കുന്നു.

ഇത്തരുണത്തിൽ, ദുരന്തനിവാരണത്തിനായി ക്രിയാത്മകമായി ഇടപെടുന്ന കേരള സർക്കാരിനെയും കേന്ദ്രസർക്കാരിനെയും ബന്ധപ്പെട്ട വകുപ്പുകളെയും മാധ്യമ പ്രവർത്തകരെയും സംഘടനകളെയും വ്യക്തികളെയും കെസിബിസി പ്രത്യേകം അഭിനന്ദിക്കുന്നു. രാഷ്ട്രീയമോ മതപരമോ സാമൂഹികമോ ആയ വ്യത്യാസങ്ങളില്ലാതെ മനുഷ്യനന്മയ്ക്കായി കേരളം കരംകോർക്കുന്ന കാഴ്ച ഏറെ ആശ്വാസം പകരുന്നതാണ്.

പ്രതിസന്ധിയുടെ ഈ ഘട്ടത്തിൽ ദൈവത്തിലാശ്രയിച്ച് കാരുണ്യത്തിന്റെ കരങ്ങൾ കോർത്ത് നമ്മുടെ സഹോദരങ്ങളുടെ

ദുരിതങ്ങൾ ദുരീകരിക്കാം. പ്രളയ ദുരിതത്തിലും മഴക്കെടുതിയിലുംപെട്ടു കഴിയുന്ന എല്ലാ സഭാംഗങ്ങളോടും മറ്റെല്ലാ പ്രിയപ്പെട്ടവരോടുമുള്ള സ്നേഹവും ഐക്യദാർഢ്യവും അറിയിക്കുന്നു. ഈ പ്രതിസന്ധി മറികടക്കാൻ സർവശക്തനായ ദൈവം നമ്മെ ശക്തരാക്കട്ടെ!

സ്നേഹപൂർവം,

**ആർച്ചുബിഷപ് എം. സൂസപാകൃം**
പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

| | | |
|---|---|---|
| Account Holder | : | KERALA CATHOLIC BISHOP'S COUNCIL<br>POC, Palarivattom, Kochi - 682 025 |
| Bank Account | : | S.B. A/c No. 0423053000005221 |
| Name of Bank | : | The South Indian Bank Ltd.,<br>Vennala Branch, Vennala P.O.,<br>Kochi-682 028, Kerala |
| IFSC | : | SIBL0000423 |

---

**NB:- ഈ സർക്കുലർ സാധിക്കുന്നവിധത്തിൽ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

## പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

# പുരോഹിതൻ : അരൂപിയുടെ മനുഷ്യൻ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

**(തിരുവചനഭാഗം: ശ്ലീഹ 8,1-40)**

പുരോഹിതന്റെ ആദ്ധ്യാത്മികത അവശ്യം സഭാത്മകമാണ്. സഭാ ശുശ്രൂഷയോട് ബന്ധപ്പെട്ടതും സഭാശുശ്രൂഷയ്ക്ക് പുരോഹിതനെ പ്രാപ്തനാക്കുന്നതുമാണ് പുരോഹിതാദ്ധ്യാത്മികത. സഭ അരൂപിയിൽ ജനിച്ച് വളരുന്നവരുടെ സമൂഹമായതുകൊണ്ട് പുരോഹിതന്റെ ആദ്ധ്യാത്മികതയും അരൂപിയിലുള്ള ജീവിതമായിരിക്കണം. ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ 8-ാമദ്ധ്യായം പീഡനങ്ങളിലൂടെ വളരുന്ന ഒരു സമൂഹമായിട്ടാണ് സഭയെ ചിത്രീകരിക്കുന്നത്. സഭാപീഡനത്തിന്റെ ഫലമായി ചിതറിക്കപ്പെട്ടവർ യൂദയായിലെയും സമറിയായിലെയും ഗ്രാമങ്ങളിൽ ചുറ്റിസഞ്ചരിക്കുകയും വചനം പ്രസംഗിക്കുകയും ചെയ്തതിന്റെ ഫലമായി അവിടെയുള്ളവർ വിശ്വസിക്കുകയും മാമ്മോദീസാ സ്വീകരിക്കുകയും ചെയ്യുന്നു. അപ്രകാരം സഭ സഹനങ്ങളിലൂടെ വളരുന്നു. സഭയുടെ ജീവിതത്തിലും വളർച്ചയിലും അരൂപിയുടെ സ്ഥാനത്തെയും പ്രാധാന്യത്തെയുമാണല്ലോ അതു സൂചിപ്പിക്കുന്നത്. ഈ അദ്ധ്യായത്തെ അഞ്ചു ഭാഗങ്ങളായി തിരിക്കാം:

1. 8,1-4 സഭയുടെ പീഡനവും വളർച്ചയും
2. 8,5-13 സമറിയാക്കാരുടെ വിശ്വാസവും മാമ്മോദീസായും
3. 8,14-25 സമറിയായിലെ സഭാംഗങ്ങൾ പരിശുദ്ധാരൂപിയാൽ പൂർണരാക്കപ്പെടുന്നു
4. 8,26-35 പീലിപ്പോസും എത്യോപ്യാക്കാരനും
5. 8,36-40 എത്യോപ്യാക്കാരന്റെ മാമ്മോദീസാ

**1. സഹനങ്ങളിലൂടെ വളരുന്ന സഭാസമൂഹം**

"*എന്നാൽ, സാവൂൾ സഭയെ നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവൻ വീടുതോറും കയറിയിറങ്ങി സ്ത്രീപുരുഷന്മാരെ വലിച്ചിഴച്ചുകൊണ്ടുവന്ന് തടവിലാക്കി. ചിതറിക്കപ്പെട്ടവർ, വചനം പ്രസംഗിച്ചുകൊണ്ടു ചുറ്റിസഞ്ചരിച്ചു*" (8,3-4).

സ്തേഫാനോസിന്റെ വധത്തിനുശേഷം ജറുസലേമിലെ സഭയ്ക്ക് പീഡനവും ഞെരുക്കവും സഹിക്കേണ്ടതായിവന്നു. അതിന്റെ ഫലമായി

ശ്ലീഹന്മാരല്ലാത്തവരെല്ലാം ജറുസലേംവിട്ട് യൂദയായിലെ ഗ്രാമപ്രദേശങ്ങളിലും സമറിയായിലും ചിതറിപ്പോയി (8,1). ശ്ലീഹന്മാർ ജറുസലേമിൽത്തന്നെ താമസിക്കുവാൻ മുതിർന്നത് അവരുടെ ശ്ലൈഹികമായ ഉത്തരവാദിത്വബോധംകൊണ്ടായിരിക്കണം. പീഡനമുണ്ടായത് പ്രധാനമായും വിദേശവുമായി ബന്ധമുള്ള ഗ്രീക്ക് യഹൂദ ക്രൈസ്തവർക്കായിരിക്കണം. സഭയ്ക്കുള്ളിൽ പ്രശ്നമുണ്ടായതും അവരിൽനിന്നാണല്ലോ. പ്രശ്നപരിഹാരത്തിനു നിയമിതരായ ഏഴു ഡീക്കന്മാരും അവരിൽ നിന്നായിരുന്നുവെന്നത് അതിന്റെ സൂചനയാണ് (ശ്ലീഹ 6,1 –7). പിന്നീട് സമറിയായിൽ സുവിശേഷം പ്രസംഗിക്കാൻ പോകുന്നത് ഏഴുപേരിൽ ഒരാളായ പീലിപ്പോസുതന്നെയാണ്. സഭയുടെ ഉള്ളിലും പുറമേനിന്നും പ്രശ്നങ്ങളുണ്ടാകുന്നത് സഭാത്മക ജീവിതത്തിന്റെ ഫലമായിട്ടല്ല. മറ്റു മാനുഷികമായ പരിഗണനകളും പരിമിതികളും മൂലമാണെന്ന് ഇതു സൂചിപ്പിക്കുന്നു.

സഭാംഗങ്ങളെ പീഡിപ്പിക്കുന്നതിനു നേതൃത്വം കൊടുത്തത് പിന്നീട് പൗലോസായി മാറിയ സാവൂൾ ആയിരുന്നു (8,1.3). യഹൂദമത വിശ്വാസത്തിൽ തീക്ഷ്ണമായ നിലപാടുണ്ടായിരുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹമെന്ന്, മാനസാന്തരശേഷമുള്ള പൗലോസിന്റെ വാക്കുകൾ വ്യക്തമാക്കുന്നുണ്ട് (26,1–11). എന്നാൽ, പീഡനം സഭാവളർച്ചയ്ക്ക് സഹായകമായിത്തീർന്നു. അതുമൂലം വിശ്വാസികൾ പല സ്ഥലങ്ങളിലുമായി ചിതറി. ചിതറിക്കപ്പെട്ടവർ, പോയിടത്തെല്ലാം വചനം പ്രസംഗിച്ചുകൊണ്ട് ചുറ്റിസഞ്ചരിച്ചു (8,4). തന്റെ ജീവിതത്തെക്കുറിച്ചും ശിഷ്യത്വത്തെക്കുറിച്ചും ഈശോ അരുളിച്ചെയ്ത വാക്കുകൾ ഇവിടെ അന്വർത്ഥമാകുകയാണ്: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും...." (യോഹ 12,24–26). പീഡനത്തിലൂടെ സഭ വളരുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് അരൂപിയുടെ ശക്തിയാണ്. കല്ലെറിഞ്ഞു കൊല്ലപ്പെട്ടപ്പോൾ സ്തേഫാനോസിന് ഈശോയെ മഹത്ത്വത്തിൽ ദർശിക്കാനും ഈശോയുടെ അരൂപിയിൽ പ്രാർത്ഥിക്കാനും സാധിച്ചത് പരിശുദ്ധാരൂപിയാലായിരുന്നല്ലോ (7,55–56.60). അരൂപിയിൽ ശക്തിപ്രാപിച്ച് സഹനങ്ങളെ അതിജീവിച്ച് വചനശുശ്രൂഷ നിർവഹിക്കുവാൻ എല്ലാ വിശ്വാസികൾക്കും, പ്രത്യേകിച്ച് പുരോഹിതനും കഴിയണം.

**2. സുവിശേഷപ്രഘോഷണത്തിലൂടെ വിശ്വസിക്കുന്ന സഭാസമൂഹം**

*"എന്നാൽ, ദൈവരാജ്യത്തെക്കുറിച്ചും ഈശോമിശിഹായുടെ നാമത്തെക്കുറിച്ചും പീലിപ്പോസ് പ്രസംഗിച്ചപ്പോൾ സ്ത്രീപുരുഷഭേദമെന്യേ എല്ലാവരും വിശ്വസിച്ചു മാമ്മോദീസാ സ്വീകരിച്ചു. ശിമയോൻപോലും വിശ്വസിച്ചു. അവൻ മാമ്മോദീസാ സ്വീകരിച്ച് പീലിപ്പോസിന്റെ കൂടെ ച്ചേർന്നു. സംഭവിച്ചുകൊണ്ടിരുന്ന അടയാളങ്ങളും വലിയ അത്ഭുതപ്രവൃത്തികളും കണ്ട് അവൻ ആശ്ചര്യഭരിതനായി"* (8,12-13).

ജറുസലേമിൽനിന്നും ചിതറിക്കപ്പെട്ടവർ വചനം പ്രസംഗിച്ചതിന്റെ ഫലമായി സഭാസമൂഹം വളർന്നത് യൂദയായുടെയും സമറിയായുടെയും ഗ്രാമങ്ങളിലായിരുന്നു. അപ്രകാരം ഒരുക്കപ്പെട്ട സമറിയായിലെ പട്ടണത്തിലേയ്ക്കാണ് പീലിപ്പോസ് ചെന്ന് സുവിശേഷപ്രഘോഷണം നടത്തിയത്. ഈശോ ശ്ലീഹന്മാരോടു പറഞ്ഞ വാക്കുകൾ ഇവിടെ അന്വർത്ഥമാകുകയാണ്: "പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (1,8). ഈശോയുടെ പരസ്യജീവിതകാലത്ത് ശിഷ്യരുടെ പ്രേഷിതപ്രവർത്തനത്തിൽനിന്നും സമറിയായെ ഒഴിവാക്കിയിരുന്നെങ്കിലും (മത്താ 10,5) പിന്നീട്, സമറിയായിലൂടെത്തന്നെയാണ് സകല ജനതകളിലേക്കും സുവിശേഷം കടന്നുചെല്ലുന്നതായി നടപടിഗ്രന്ഥം അവതരിപ്പിക്കുന്നത് (മത്താ 28,20; ലൂക്കാ 24,47; ശ്ലീഹ 1,8). പീലിപ്പോസിന്റെ സുവിശേഷപ്രഘോഷണഫലമായി സമറിയാനഗരത്തിൽ വലിയ സന്തോഷമുണ്ടായി എന്ന് എടുത്തുപറയുന്നു (8,8). മിശിഹായുടെ സുവിശേഷം സന്തോഷത്തിന്റെ സുവിശേഷമാണ് (ലൂക്കാ 2,10). സുവിശേഷസ്വീകരണവും വിശ്വാസവും ആത്യന്തികമായി നമുക്കു നല്കുന്നതും സന്തോഷമാണെന്നുള്ളത് ശ്രദ്ധിക്കപ്പെടേണ്ടതാണ് (യോഹ 15,11; 1 യോഹ 1,4).

പീലിപ്പോസിന്റെ സുവിശേഷപ്രഘോഷണമാണ് വിശ്വാസത്തിലേക്കും മാമ്മോദീസായിലേക്കും സമറിയാ പട്ടണനിവാസികളെ നയിച്ചത്. ദൈവരാജ്യത്തെക്കുറിച്ചും ഈശോമിശിഹായുടെ നാമത്തെക്കുറിച്ചുമാണ് പീലിപ്പോസ് പ്രസംഗിച്ചത്. ഈശോ പ്രസംഗിച്ചതും ഈ സുവിശേഷംതന്നെയായിരുന്നല്ലോ (മർക്കോ 1,14-15). പുരോഹിതൻ ഇന്നും സഭയിൽ നടത്തേണ്ട സുവിശേഷപ്രഘോഷണവും ഇതുതന്നെയാണ്. ദൈവത്തിന്റെ സ്നേഹത്തിന്റെ ഭരണത്തിൽ വിശ്വസിക്കുവാനും

ആ ഭരണത്തിൻകീഴിലേക്ക് ജീവിതംകൊണ്ടു തിരിയുവാനുമുള്ള ആഹ്വാനമാണ് സുവിശേഷപ്രഘോഷണത്തിന്റെ അന്തഃസത്ത. അതു പോലെതന്നെ ജനക്കൂട്ടം പീലിപ്പോസിന്റെ വാക്കുകൾ കേൾക്കുകയും അവൻ പ്രവർത്തിച്ച അടയാളങ്ങൾ കാണുകയും ചെയ്തു എന്നാണ് പറയുന്നത് (8,6). കേൾവിയിലൂടെ വിശ്വാസത്തിലേക്കു വന്ന് അത്ഭുത ങ്ങളെ ദൈവസ്നേഹത്തിന്റെ അടയാളങ്ങളായി തിരിച്ചറിയുന്ന സമീ പനമാണ് ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാവേണ്ടത്. ഇന്നു പലപ്പോഴും മറിച്ചാണ് സംഭവിക്കുന്നത്. അത്ഭുതങ്ങൾ കണ്ട് വിശ്വസിക്കുന്ന ശൈലി. അത് ഈശോ അംഗീകരിക്കുന്നില്ല (യോഹ 2,23-25). സുവി ശേഷപ്രഘോഷണത്തോടുള്ള ശരിയായ സമീപനം ജനങ്ങളിൽ ഉള വാക്കി സുവിശേഷപ്രഘോഷണം നടത്തുവാൻ പുരോഹിതൻ ശ്രദ്ധി ക്കണം.

**3. കൂദാശാജീവിതത്തിലൂടെ അരൂപിയിൽ വളരുന്ന സമൂഹം**

*"സമറിയാക്കാർ ദൈവവചനം സ്വീകരിച്ചുവെന്നു കേട്ടപ്പോൾ ജറു സലേമിലുള്ള ശ്ലീഹന്മാർ പത്രോസിനെയും യോഹന്നാനെയും അവ രുടെയടുത്തേക്ക് അയച്ചു. അവർ ചെന്ന് അവിടെയുള്ളവർ പരിശുദ്ധാ ത്മാവിനെ സ്വീകരിക്കേണ്ടതിന് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. കാരണം, അതുവരെ പരിശുദ്ധാത്മാവ് അവരിലാരുടെയുംമേൽ വന്നിരുന്നില്ല. അവർ കർത്താവായ ഈശോയുടെ നാമത്തിൽ മാമ്മോദീസാ സ്വീകരി ക്കുക മാത്രമേ ചെയ്തിരുന്നുള്ളു. പിന്നീട്, അവരുടെമേൽ അവർ കൈകൾ വച്ചു; അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു"* (8,14-17).

സുവിശേഷപ്രചാരണംമൂലം വിശ്വാസികളുടെ സമൂഹങ്ങൾ നില വിൽവന്ന സ്ഥലങ്ങൾ ശ്ലീഹന്മാർ നേരിട്ടോ പ്രതിനിധികൾ വഴിയോ സന്ദർശിച്ച് സഭയ്ക്ക് പൂർണ്ണതയും ഉറപ്പും വരുത്തുന്ന പതിവ് ഇവിടെ ആരംഭിക്കുന്നു എന്നു പറയാം. ഇതുപോലെയൊന്ന് അന്ത്യോക്യായിലെ സഭയിൽ നടന്നതായി ശ്ലീഹ 11,22 ൽ സൂചിപ്പിക്കുന്നുണ്ട്. സമറിയാ യിൽ സുവിശേഷപ്രഘോഷണത്തിലൂടെ സഭ രൂപംകൊണ്ട വിവരം അറിഞ്ഞപ്പോൾ ജറുസലേമിലെ സഭ പത്രോസിനെയും യോഹന്നാ നെയും അവിടേക്കു നിയോഗിക്കുന്നു. അവർ അവിടെച്ചെന്ന് പരിശു ദ്ധാത്മാവിനെ നല്കുന്ന കൈവയ്പു ശുശ്രൂഷ നടത്തുന്നു. കത്തോ ലിക്കാ സഭാപാരമ്പര്യത്തിൽ 'തൈലാഭിഷേക' അഥവാ 'സ്ഥൈര്യലേ പന' കൂദാശയുടെ ബൈബിൾ അടിസ്ഥാനം ഇവിടെയാണ്. അതു കൊണ്ട് മാമ്മോദീസായിൽ പരിശുദ്ധാത്മാവ് നല്കപ്പെടുന്നില്ല എന്ന

സൂചനയില്ല. വരദാനങ്ങളിലൂടെയുള്ള പരിശുദ്ധാത്മാവിന്റെ വരവിന്റെ അടയാളങ്ങൾ ഉണ്ടായില്ല എന്നുമാത്രം. പരിശുദ്ധാത്മാവിലുള്ള ജനനം മാമ്മോദീസായിൽത്തന്നെ നടക്കുന്നുണ്ട് (ശ്ലീഹ 2,38-39; യോഹ 3,5). എന്നാൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും അതിന്റെ പൂർണ തയിൽ സ്വീകരിച്ച് ക്രിസ്തീയജീവിതത്തിൽ ഉറപ്പിക്കപ്പെടുന്നത് 'പൂർണ തയുടെ കൂദാശ' എന്ന് സുറിയാനിപാരമ്പര്യത്തിൽ അറിയപ്പെടുന്ന തൈലാഭിഷേക കൂദാശയിലൂടെയാണ്.

ശ്ലീഹന്മാരുടെ കൈവയ്പുവഴി പരിശുദ്ധാത്മാവ് നല്കപ്പെട്ടതു കണ്ടപ്പോൾ ശിമയോൻ അവർക്കു പണം നല്കിക്കൊണ്ട് ഈ ശക്തി അയാൾക്കു നല്കുവാൻ ആവശ്യപ്പെട്ടു (8,18-19) എന്നതിന്റെ വെളിച്ച ത്തിൽ ചിന്തിക്കുമ്പോൾ ഈ കൈവയ്പിലൂടെ നല്കപ്പെടുന്ന അരൂ പിയെ വരദാനങ്ങളുടെ തലത്തിലും മനസ്സിലാക്കാം. അയാൾ മാന്ത്രിക നായിരുന്നതുകൊണ്ട് അരൂപിയെ അസാധാരണത്വത്തിൽ കണ്ടതു കൊണ്ടായിരിക്കാം അപ്രകാരം ചോദിക്കുവാനിടയായത്. അപ്രകാരം അരൂപിയെ മനസ്സിലാക്കുന്നത് തെറ്റാണെന്ന് പത്രോസിന്റെ വാക്കുക ളിൽ വ്യക്തമാണ് (8,20-23). വരദാനങ്ങളിലുള്ള വളർച്ചയായി അരൂപി യിലുള്ള വളർച്ചയെ തെറ്റിദ്ധരിക്കുന്ന സാഹചര്യം ഇന്ന് സഭാസമൂഹ ത്തിലുണ്ട്. അത് ശരിയായ അരൂപിയിലുള്ള ജീവിതത്തിനും വളർച്ചയ്ക്കും തടസ്സം സൃഷ്ടിക്കും. അരൂപിയിലുള്ള വളർച്ച വരദാന ങ്ങളെക്കാളുപരി വിശുദ്ധിയിലുള്ള വളർച്ചയാണ്: അതായത്, അരൂപി യുടെ ദാനങ്ങളിലും ഫലങ്ങളിലുമുള്ള വളർച്ച. ഇത് കൂദാശാജീവിത ത്തിലൂടെയുമാണ് ഉണ്ടാകേണ്ടത്. കൂദാശകളുടെ കൂദാശയായ പരി ശുദ്ധ കുർബാനാനുഭവത്തിലൂടെയും മറ്റു കൂദാശകളിലൂടെയും വിശു ദ്ധിയിൽ വളർന്നുകൊണ്ടാണ് അരൂപിയിലുള്ള ശരിയായ വളർച്ചയുണ്ടാ കേണ്ടത്. ആ വിധത്തിൽ സഭാസമൂഹത്തെ ബോധവൽക്കരിക്കുവാൻ പുരോഹിതനു കഴിയണം.

**4. ശ്ലൈഹികാധികാരികതയോടെ വചനം സ്വീകരിക്കുന്ന സമൂഹം**

*"രഥത്തിലിരുന്ന് അവൻ ഏശയ്യായുടെ പ്രവചനം വായിച്ചുകൊണ്ടിരുന്നു. ആത്മാവ് പീലിപ്പോസിനോടു പറഞ്ഞു: ആ രഥത്തെ സമീപിച്ച്, അതിനോടു ചേർന്നു നടക്കുക. പീലിപ്പോസ് അവ ന്റെയടുക്കൽ ഓടിയെത്തി. അവൻ ഏശയ്യായുടെ പ്രവചനം വായിക്കു ന്നതുകേട്ട്, ചോദിച്ചു: വായിക്കുന്നതു നിനക്കു മനസ്സിലാകുന്നുണ്ടോ? അവൻ പ്രതിവചിച്ചു: ആരെങ്കിലും വ്യാഖ്യാനിച്ചുതരാതെ എങ്ങനെ*

*യാണു ഞാൻ മനസ്സിലാക്കുക? രഥത്തിൽക്കയറി തന്നോടുകൂടെയിരിക്കാൻ പീലിപ്പോസിനോട് അവൻ അപേക്ഷിച്ചു*" (8,28-31).

'കർത്താവിന്റെ ദൂതൻ' ജറുസലേമിൽനിന്നു ഗാസായിലേക്കുള്ള പാതയിൽ എത്താനും, 'കർത്താവിന്റെ അരൂപി' ഷണ്ഡൻ യാത്ര ചെയ്തിരുന്ന രഥത്തോടു ചേർന്നു നടക്കാനും പീലിപ്പോസിനോട് ആവശ്യപ്പെടുന്നു (8,26.29). അതിൻപ്രകാരം ചെയ്തപ്പോൾ ഏശയ്യായുടെ പ്രവചനം വായിച്ചുകൊണ്ടിരുന്ന ഷണ്ഡൻ ആവശ്യപ്പെട്ടതനുസരിച്ച് പീലിപ്പോസ് രഥത്തിൽ കയറിയിരുന്ന് അതു വ്യാഖ്യാനിച്ചുകൊടുക്കുകയും അതിനൊടുവിൽ അയാൾ വെള്ളം കണ്ടിടത്തുവച്ച് സ്നാനം സ്വീകരിക്കുകയും ചെയ്യുന്നു (8,26-38). 'കർത്താവിന്റെ ദൂതൻ', 'അരൂപി' എന്ന രണ്ടു പ്രയോഗങ്ങളുടെയും അർത്ഥം ഒന്നുതന്നെയാണ്. ദൈവാരൂപിയാൽ നയിക്കപ്പെട്ടാണ് പീലിപ്പോസ് ഷണ്ഡന് വചനം വ്യാഖ്യാനിച്ചുകൊടുത്തതും അയാൾക്കു സ്നാനം നല്കിയതും. ബൈബിൾ ദൈവനിവേശിതമാണ്. അത് വായിക്കേണ്ടതും വ്യാഖ്യാനിക്കേണ്ടതും സ്വീകരിക്കേണ്ടതും അരൂപിയാൽ നയിക്കപ്പെട്ടുതന്നെയാണ്. അപ്രകാരം വചനം സ്വീകരിച്ച് സ്നാനം സ്വീകരിച്ചവരുടെ സമൂഹമാണ് സഭ.

ഈ വചനസ്വീകരണം നിരന്തരമായി നടക്കുന്നതും നടക്കേണ്ടതുമായ ഒരു സമൂഹമാണ് സഭ എന്ന് നടപടിഗ്രന്ഥത്തിൽ എടുത്തുപറയുന്നു: "അവർ ശ്ലീഹന്മാരുടെ പ്രബോധനം ... എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു" (ശ്ലീഹ 2,42). വചനപഠനവും സ്വീകരണവും അരൂപിയാൽ നയിക്കപ്പെട്ടായിരിക്കണം എന്നതിന്റെ സൂചനയാണ്, അത് ശ്ലൈഹികപ്രബോധനത്തിന്റെ അടിസ്ഥാനത്തിലാണെന്നുള്ളത്. പന്ത്രണ്ടു ശ്ലീഹന്മാരാണല്ലോ അരൂപിയിൽ രൂപംകൊണ്ട സഭാസമൂഹത്തിന്റെ അടിസ്ഥാനം (എഫേ 2,20). അതുകൊണ്ട് ശ്ലൈഹികാധികാരികതയോടെയായിരിക്കണം വചനപഠനവും സ്വീകരണവും നടക്കേണ്ടത്. ശ്ലൈഹികശുശ്രൂഷയിൽ പങ്കുചേർന്ന പീലിപ്പോസിനെ ഷണ്ഡന്റെ വചനപഠനത്തിനും സ്വീകരണത്തിനുമായി അരൂപി പറഞ്ഞയച്ചത് ഇതിന്റെ സൂചനയായി കരുതാം. അതുകൊണ്ട് പുരോഹിതൻ ശ്ലൈഹികപാരമ്പര്യത്തിന്റെ ആധികാരികതയോടെ വചനം പഠിക്കുന്നവനും പഠിപ്പിക്കുന്നവനുമായിരിക്കണം. അത് സാദ്ധ്യമാകണമെങ്കിൽ പുരോഹിതൻ സഭയുടെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ പ്രാർത്ഥനാപൂർവം വചനം പഠിക്കുന്നവനും ധ്യാനിക്കുന്നവനും സഭയിൽ വചനശുശ്രൂഷ നിർവഹിക്കുന്നവനുമായിരിക്കണം.

**5. മാമ്മോദീസാ സ്വീകരിച്ച വിശ്വാസികളുടെ സമൂഹം**

*"അവർ പോകുമ്പോൾ ഒരു ജലാശയത്തിങ്കലെത്തി. അപ്പോൾ ഷണ്ഡൻ പറഞ്ഞു: ഇതാ വെള്ളം; എന്നെ ജ്ഞാനസ്നാനപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ? രഥം നിർത്താൻ അവൻ ആജ്ഞാപിച്ചു. അവർ ഇരുവരും വെള്ളത്തിലിറങ്ങി. പീലിപ്പോസ് ഷണ്ഡന് സ്നാനം നല്കി"* (8,36-38).

എത്യോപ്യൻ ഷണ്ഡൻ ചോദിച്ചത്, അയാൾ വായിച്ചുകൊണ്ടിരുന്ന ഏശ 53,7 മുതലുള്ള ഭാഗം ആരെക്കുറിച്ചാണെന്നാണ്. അത് സഹനദാസനായ ഈശോയെക്കുറിച്ചാണെന്നു വ്യാഖ്യാനിച്ചു കൊടുത്തുകൊണ്ടാണ് പീലിപ്പോസ് അയാളോട് സുവിശേഷം പ്രഘോഷിച്ചത്. പ്രവാചകൻ പറയുന്നതുപോലെ, മനുഷ്യരുടെ പാപങ്ങൾ ക്ഷമിക്കുകയും അകൃത്യങ്ങളെ ചുമക്കുകയും അനർഹമായവിധം പീഡയും മരണവും അനുഭവിക്കുകയും ചെയ്തതുവഴി ഈശോയിലൂടെ സർവ മനുഷ്യർക്കും പാപമോചനവും രക്ഷയും പ്രാപിക്കാമെന്നും, അവിടുന്ന് അപ്രകാരം സകലർക്കും ജീവന്റെ മാർഗ്ഗം തുറന്നുവെന്നും പറഞ്ഞുകൊണ്ടുള്ള പീലിപ്പോസിന്റെ പ്രഘോഷണം ഷണ്ഡന്റെ ഹൃദയത്തെ സ്പർശിച്ചു. ഈശോയുടെ സുവിശേഷം സ്വീകരിച്ച് മാമ്മോദീസാ സ്വീകരിക്കുവാൻ അയാൾ തയ്യാറായി. പോകുംവഴി വെള്ളംകണ്ട സ്ഥലത്തു രഥം നിർത്തി പീലിപ്പോസ് അയാൾക്ക് മാമ്മോദീസാ നല്കുകയും ചെയ്തു.

ഷണ്ഡൻ പീലിപ്പോസിനോട്, തന്നെ മാമ്മോദീസാ മുക്കുവാൻ എന്തെങ്കിലും തടസ്സമുണ്ടോ എന്നു ചോദിച്ചപ്പോൾ, "പീലിപ്പോസ് പറഞ്ഞു: നീ പൂർണഹൃദയത്തോടെ വിശ്വസിക്കുന്നെങ്കിൽ നിനക്കു സ്വീകരിക്കാം. അപ്പോൾ അവൻ പ്രതിവചിച്ചു: ഈശോമിശിഹാ ദൈവപുത്രനാണെന്ന് ഞാൻ വിശ്വസിക്കുന്നു" എന്ന് ചില കയ്യെഴുത്തുപ്രതികളിൽ 37-ാം വാക്യമായി കാണുന്നുണ്ട്. മാമ്മോദീസായുടെ സന്ദർഭത്തിൽ സഭയുടെ വിശ്വാസം ഏറ്റുപറയുന്ന പതിവ് ആരംഭംമുതലേ ഉണ്ടായിരുന്നു എന്നതിന്റെ സൂചനയായി ഇതിനെ കരുതാവുന്നതാണ്. "ഈശോ കർത്താവാണ് എന്നത് സഭയുടെ ആദിമവിശ്വാസപ്രമാണമായിരുന്നു (1 കൊറി 12,3). യഹൂദപാരമ്പര്യത്തിൽ സമൂഹത്തിലെ അംഗത്വത്തിന് ഷണ്ഡത്വം തടസ്സമായിരുന്നെങ്കിൽ (നിയ 23,2) ക്രിസ്തീയ പാരമ്പര്യത്തിൽ വിശ്വാസമുള്ളവർക്ക് മറ്റൊന്നും പ്രതിബന്ധമല്ല. ക്രൈസ്തവജീവിതത്തിന്റെ അന്തഃസത്ത വിശ്വാസജീവിതമാണ്. മാമ്മോദീസായിൽ സഭയുടെ വിശ്വാസത്തിലേക്കാണ് ഒരു വ്യക്തി പ്രവേ

ശിക്കുന്നത്. അതുകൊണ്ട് സഭയുടെ വിശ്വാസപരിശീലനം തന്റെ ശുശ്രൂഷയുടെ അടിസ്ഥാനസ്വഭാവമായി പുരോഹിതൻ കരുതണം.

**ജീവിതസൂചിക**

1. അരൂപിയിൽ ശക്തിപ്രാപിച്ച് സഹനങ്ങളിലൂടെ വളരുന്ന ഒരു സമൂഹമായി സഭാതനയരെ പരിശീലിപ്പിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിച്ചും ദൈവം നല്കുന്ന അടയാളങ്ങൾ തിരിച്ചറിഞ്ഞും ജീവിക്കുവാൻ ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?
3. കൂദാശാജീവിതത്തിലൂടെ അരൂപിയിൽ വളരുന്ന സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. ശ്ലൈഹികപാരമ്പര്യത്തിന്റെ ആധികാരികതയോടെ വിശുദ്ധഗ്രന്ഥം പഠിക്കുവാനും പഠിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
5. മാമ്മോദീസായും വിശ്വാസജീവിതവും തമ്മിലുള്ള ബന്ധം ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹു. സെബാസ്റ്റ്യൻ പാലക്കീൽ അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് സെപ്റ്റംബർ 2-ന് ഒരു വർഷം തികയുന്നു. അന്ന് രാവിലെ 7 മണിയ്ക്ക് സിയോൻ ചാപ്പലിൽ അച്ചനുവേണ്ടി വി. കുർബാനയും ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

സെപ്റ്റംബർ 19-ാം തീയതി ബഹു. ജോർജ്ജ് കഴിക്കച്ചാലിൽ, ബഹു. മാത്യു ഇല്ലിക്കൽ എന്നീ വൈദികരുടെ ചരമദിനമാണ്. അന്നേ ദിവസം അവരെ നമ്മുടെ പ്രാർത്ഥനകളിലും വി. കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം.

**കൂരിയ അവധി**

ബഹുമാനപ്പെട്ട വൈദികരുടെ വാർഷികധ്യാനം പ്രമാണിച്ച് സെപ്റ്റംബർ 16 മുതൽ 21 വരെയും 23 മുതൽ 28 വരെയും രൂപതാ കൂരിയ അവധിയായിരിക്കും.

**മതബോധനദിനം**

സെപ്റ്റംബർ 9-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ദിനമായി ആഘോഷിക്കുകയാണല്ലോ. വിശ്വാസത്തിന്റെ കൈമാറ്റമെന്ന വലിയ ദൗത്യത്തിൽ പങ്കുചേരുന്ന ഏവരേയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസപരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന അധ്യാപകരെ രൂപത മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും അധ്യാപകരും ഇടവകജനം മുഴുവനും ബഹു. വികാരിയച്ചനോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ അതീവശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധനദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട തോമസ് കാട്ടുതുരുത്തിയിൽ അച്ചനെയും

അച്ചനോടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളെയും ഇത്ത രുണത്തിൽ നന്ദിയോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുക ങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

രൂപത മതബോധന പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകമാ കുവാൻ സഹായകമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സഹകര ണവും ഇടവകകളിൽ നിന്നും പ്രതീക്ഷിക്കുന്നു.

മതബോധന ദിനത്തെക്കുറിച്ച് മുൻകൂട്ടി ദൈവജനത്തെ ഉദ്ബോ ധിപ്പിക്കുകയും അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കാര്യാലയത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**New Appointments**

1. Rev. Fr. Don Bosco (Bivaldin) Thevarkunnel - Asst. Vicar, Holy Cross Forane Church, Nadavayal (W.e.f. 19-8-2018)
2. Rev. Fr. Varghese (Jinto) Thattuparambil - Director, Christeen Movement (W.e.f. 19-8-2018)

**ബഹു. വൈദികരുടെ വാർഷികധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം 2 ബാച്ചുകളിലായി സെപ്റ്റംബർ 16 മുതൽ 21 വരെയും 23 മുതൽ 28 വരെയും ദ്വാരക പാസ്റ്ററൽ സെന്റ റിൽ വച്ച് നടക്കുന്നതാണ്. കാഞ്ഞിരപ്പള്ളി രൂപതാസഹായ മെത്രാൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവാണ് ധ്യാനം നയിക്കുന്നത്. തക്ക തായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ എത്രയുംവേഗം ജനറാൾ അച്ചനെ വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റുചില കാര്യങ്ങൾകൂടി ഓർമ്മിപ്പിക്കട്ടെ.

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കുക. ഇതു വഴി ജനങ്ങൾക്ക് വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരുടെ ആവ ശ്യങ്ങൾ ക്രമീകരിക്കാനും സാധിക്കും.

2. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബ ന്ധിക്കാൻ സാധിക്കാത്തവർ 2017 സെപ്റ്റംബർ മുതൽ 2018 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തുമുഖേനയോ, ഫോൺ വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.

3. PPF ന്റെ വരിസംഖ്യ നൽകാത്തവർ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

4. വളരെ ഗൗരവ തരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ ഡിസംബർ 31 ന് മുൻപായി എവിടെയെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കുപുസ്തകം ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

# ANNUAL RETREAT FOR PRIESTS

## 1ST BATCH - 2018 SEPTEMBER 16 SUNDAY to 21 FRIDAY

| SN | Rev. Frs. Housename & Name | SN | Rev. Frs. Housename & Name |
|---|---|---|---|
| 1. | Aikkarathazhath Joseph | 27. | Kochuparackal Kurian |
| 2. | Athickal Mathew | 28. | Koipuram Sebastian |
| 3. | Chakkittukudiyil Jose | 29. | Kokkandathil Jilson |
| 4. | Changanamthundathil George | 30. | Kollarthottam Mathew |
| 5. | Chembakkara James | 31. | Korandiyarkunnel Paul |
| 6. | Cheruthottil Paul | 32. | Korattiparambil Vincent |
| 7. | Chettaniyil Thomas | 33. | Kottackal Stephen |
| 8. | Chettiyassery Joseph (Jaise) | 34. | Kottaram Jose |
| 9. | Chirayilparambil Thomas | 35. | Kottayil Joseph |
| 10. | Chittarackal Varghese (Sanoj) | 36. | Koyikattil Thomas |
| 11. | Elamkunnapuzha Joseph (Sijo) | 37. | Kulathinal James |
| 12. | Elavanappara Sebastian | 38. | Kulirany Jose |
| 13. | Elemkunnel Sebastian | 39. | Kunnath Kuriakose |
| 14. | Iykkarakanayil Thomas | 40. | Kunnathett James |
| 15. | Kachirayil Thomas | 41. | Kuthukallunkal Francis |
| 16. | Kalappura Vincent | 42. | Kuttikattukunnel Thomas |
| 17. | Kalapura Jose | 43. | Madapallikunnel Mathew |
| 18. | Kalarickal Paul | 44. | Madathil Abraham |
| 19. | Kallupura Johny | 45. | Manakkunnel Thomas |
| 20. | Kappiarumalayil Jose | 46. | Manikuttiyil Kurian |
| 21. | Kassamkuttiyil Sebastian | 47. | Mannoor Thomas |
| 22. | Kattuthuruthiyil Thomas | 48. | Maplassery Lukose |
| 23. | Kazhuthadiyil Mathew | 49. | Mavara Stanislaus |
| 24. | Keezheth Sebastian | 50. | Mecheril Joseph |
| 25. | Kizhakkanputhupally John | 51. | Meppurath Chacko |
| 26. | Kizhakkumpuram George | 52. | Moonnanal Justin |

53. Mulakodiyankal Varghese
54. Mundackamattam Jose
55. Muthanikkattu Justin
56. Muthirakalayil Joseph
57. Muthukattil Shantidas
58. Nechikatt Joseph
59. Nedumkallel Joseph
60. Nellikunel Francis
61. Nilackappillil Augustine
62. Ousepparampil Joseph
63. Padinjarayil George
64. Padinjarayil Mathew
65. Palath Joseph
66. Palathadathil George
67. Pallichankudiyil Mathai
68. Parambil Kuriakose
69. Parunthanolil Thomas
70. Peedikappara James
71. Perumattikunnel John
72. Perumattikunnel Thomas
73. Peechattu Joseph
74. Pinakkatt Joseph
75. Plassanal Thomas
76. Poothakkuzhy Jacob
77. Poovathinkal Peter
78. Pudussery Vincent
79. Pulinthanam John
80. Pulpayil Joseph
81. Punchayil Lucka
82. Punnakkapadavil Sebastian
83. Puthanapra Kurian
84. Puthenparambil James
85. Puthenpurayil Joseph
86. Puthukulangara Thomas
87. Puthukulathil John
88. Thadathil luke
89. Thamarasseril Vincent
90. Thekkepera Mathew
91. Thekkilakkattil Mathew
92. Therakam Thomas Joseph
93. Thuruthel Kuriakose
94. Thayil Jose
95. Thykunnumpuram Thomas
96. Vadayaparambil Jose
97. Valachannath Cyriac
98. Vazhakatt Joseph
99. Vazhakkala Chackochan
100. Vazhappilly Paul
101 Vazhayil Kurian
102 Venakuzhy Mathai
103. Vazhakkalayil Jose

## II^nd BATCH - 2018 SEPTEMBER 23 SUNDAY to 28 FRIDAY

| SN | Rev.Frs. Housename & Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1. | Alumkal Joseph | 7. | Choorapuzhayil John |
| 2. | Arackaparmbil Emmanuel | 8. | Chozhenparambil John |
| 3. | Chakkittakudiyil James | 9. | Edayakondattu Paul |
| 4. | Cakkulathil Joseph (Tibin) | 10. | Elavunkal Johny |
| 5. | Chelackapallil Thomas | 11. | Elayidathu Mani |
| 6. | Chempalayil Augustine | 12. | Kakkattikalayil Sebastian |

13. Kakkonal Manoj
14. Kalambukattu Joseph (Jaimon)
15. Kalappura Alex
16. Karukapally Joseph
17. Kalliyatt Devasia
18. Elemkunnel Joseph (Tony)
19. Kattath Thomas [Anish]
20. Kappiarumalayil John
21. Karuthedath Mathew (Rajeesh)
22. Kattamkottil Thomas (Aneesh)
23. Kattamkottil Joseph (Saji)
24. Kattarath Mathew
25. Karuthedath Mathew(Manoj)
26. Kavalakkadan Varghese
27. Kizhakkanputhupally Varghese
28. Kocharackal Jose
29. Kochuparackal Mathew
30. Kollamkunnel Varghese
31. Koottala Paul
32. Kumbukal James
33. Kunnath Johny
34. Kuttimakkal James
35. Kuzhikandathil Joseph
36. Madapallikunnel Antony (Sibi)
37. Madathil Sebastian
38. Malayil Mathew
39. Mampallil Anto
40. Mampallil George
41. Mankottil James
42. Manjakunnel Mathew
43. Moloparambil Jose
44. Moolayil Thomas (Jimmy)
45. Moothedath Mathew
46. Moothedath Thomas
47. Mukkattukavunkal Thomas
48. Mulavelikunnel Jacob (Shaju)
49. Mundackal Jose
50. Mundolickal Paul
51. Munjanattu Mathew
52. Muthirakalayil George
53. Muthukathaniyil Varghese
54. Myladoor George
55. Nanthikatt Joseph
56. Nellickal Abraham
57. Olickal Thomas (Jimmy)
58. Ottaplackal Thomas
59. Oravaranthara Vincent
60. Paikkatt Mathew
61. Palakkattu Antony
62. Painumkal George (Lal)
63. Pakkanikuzhy Sebastian
64. Palakatt Augustine
65. Parackal Varghese
66. Parayil Sebastian
67. Paruvummel Joseph
68. Periappuram Mathew
69. Perumattikunnel Mathew
70. Ponparackal John
71. Ponthottiyil Thomas
72. Pudussery Martin
73. Pulinthanam Jose
74. Pullamkunel Joy
75. Punakkatt Chandy
76. Puthen Sebastian
77. Puthenpura John
78. Puthenpura Augustine
79. Thanniyil Augustine
80. Thattuparambil Varghese
81. Thekkanady Jose
82. Thevarkunnel Bivaldin
83. Thondiparambil Joseph
84. Thondiparambil Sebastian

| | |
|---|---|
| 85. Thuruthel Joseph | 92. Valakodiyil Dominic |
| 86. Thuruthel Thomas | 93. Valloppilly Joseph |
| 87. Unnippally Sebastian | 94. Vathelil Abraham |
| 88. Urumbil Joseph | 95. Vattukulathil Mathew |
| 89. Vadakkemulanjanal Michael | 96. Vattukunnel Issac |
| 90. Vadassery Thomas | 97. Vazhachalil Thomas |
| 91. Vadayaparambil Sony | 98. Vettickal John |

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence, those who wish to attend the retreat, please contact Rev. Fr. Paul Vazhappilly, the Director of Pastoral Centre. His Mobile No. 9483045305

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# General Collection from 1 June 2017 to 30 May 2018

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **CHUNGAKUNNU** | | | | | | | | | | | | | | | | | | |
| Adackathode | 1000 | 1500 | | | 1000 | 1400 | 1300 | | 5000 | 1500 | 1000 | 1500 | 2000 | 1000 | 1000 | 1000 | 15000 | 50000 |
| Ambayathode | | 400 | 4000 | | 400 | 400 | 1000 | | | 500 | 700 | 400 | 1000 | 400 | | 800 | | 50000 |
| Chungakkunnu | 12200 | | | 12000 | | 5500 | 5000 | 25000 | | 6000 | 6000 | 8500 | 11000 | 3500 | | 5000 | 55000 | 178000 |
| Kelakam | 2780 | 2905 | 5000 | 2540 | 2390 | 2335 | 2625 | 3989 | | 1250 | 2570 | 2345 | 2110 | 2540 | 2350 | 2708 | 42150 | 50000 |
| Kottiyoor | 12167 | 10165 | 10000 | 19005 | 7091 | 11670 | 11310 | 25860 | | 2135 | 11936 | 12575 | 10687 | 8695 | 11703 | 10847 | 78400 | 145000 |
| Nelliyodi | | | 1000 | 2440 | | 1000 | 1500 | 7941 | | 2000 | | | | | | | 6100 | 15000 |
| Ottaplav | 800 | 600 | | | | | 800 | | | | 850 | 700 | | | | | 1300 | 10000 |
| Palchuram | | 1300 | 1500 | | | 1300 | 1200 | | | 1300 | | 1000 | | | | | 7380 | |
| Santhigiri | 400 | 400 | 500 | 1000 | 400 | 400 | 750 | | 1000 | 750 | 400 | 400 | 400 | 400 | 400 | 400 | 5000 | 12000 |
| **PAYYAMPALLY** | | | | | | | | | | | | | | | | | | |
| Appapara | | | | | | | | | | | | | | | | | | 5000 |
| Arattuthara | 750 | 1000 | 5000 | 5000 | 1000 | 750 | 1500 | 5000 | | 750 | 1500 | 750 | 1000 | 500 | 500 | 500 | 10000 | |
| Bavali | | | | | | | | | | | | | | | | | | |
| Edyoorkunnu | | | | | | | | | | | | | | | | | | |
| Kammana | | 650 | | | | | | 5000 | | 600 | 1000 | 600 | 1100 | | | 750 | 5000 | |
| Kartikulam | 250 | 300 | 4250 | 1915 | 200 | 200 | 300 | 1410 | | 350 | 325 | 250 | 350 | 200 | 200 | 300 | | 25000 |
| Martin Nagar | 1500 | | 5000 | | 2000 | 1000 | 5000 | | | 2000 | | 5000 | 1500 | | | 1500 | 15000 | |
| Padamala | | | 3300 | | | | 1400 | 3500 | | 800 | 1200 | 1250 | 1450 | | | | 12000 | 30000 |

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Panavally | 427 | 416 | 1000 | 500 | 466 | 503 | 353 | 400 | 500 | 480 | 495 | 349 | 693 | 246 | 448 | 450 | 3210 | 8000 |
| Payyampally | 500 | 500 | 5000 | | 500 | 500 | 1000 | 25000 | 30000 | 500 | 500 | 500 | | | | | | 50000 |
| Thrissilery | 750 | 750 | 14426 | | 500 | 500 | 1000 | | | 750 | 750 | 1000 | 1750 | 2500 | 500 | 3180 | 6857 | 34667 |
| **NADAVAYAL** | | | | | | | | | | | | | | | | | | |
| Arinjermala | 500 | 2500 | 11660 | 9035 | 1000 | 500 | 5314 | 9930 | 5480 | 1500 | 2500 | 3776 | 3468 | 1000 | 1500 | 1500 | 12921 | 49010 |
| Chundakkara | 1500 | 2000 | | | 1000 | 1000 | 5000 | 2000 | | 2000 | 1500 | 2000 | 2000 | 1500 | 1500 | 1500 | | 55000 |
| Cherukattoor | | | | 10000 | | | | 10000 | | | | | 3000 | | | 2000 | 35000 | 100000 |
| Kalluvayal | 1400 | 900 | 9100 | 5300 | 900 | 1700 | 1600 | 4700 | 2000 | 1725 | 1100 | 1600 | 1500 | 1200 | 1100 | 1660 | 20000 | 60000 |
| Kaniyambetta | 1170 | 948 | | 1309 | 1167 | 1393 | 1308 | | | | 1170 | 830 | 1037 | 542 | 1434 | 1077 | 8310 | 28720 |
| Kenichira | 4000 | 7220 | 14580 | 6000 | 3480 | 3900 | 4500 | 7500 | 4070 | 4200 | 3670 | 4090 | 3490 | 3950 | | 3850 | 10000 | 61000 |
| Kurumbalakott | 350 | 320 | | | 500 | 340 | 750 | 500 | | 250 | 410 | 260 | 365 | 220 | 420 | 370 | 9090 | 10000 |
| Nadavayal | 1500 | 3000 | 22090 | 10000 | 2940 | 1500 | 4730 | 5000 | 7000 | 5365 | 3550 | 2968 | 2630 | 2000 | 3800 | 2100 | | 200000 |
| Neikuppa | | 250 | | | 250 | 250 | 250 | | | 250 | | 250 | 500 | | | | 1500 | 16728 |
| Panamaram | | 250 | 1000 | | 200 | | 450 | | | 200 | 250 | 200 | 750 | | | 500 | 1700 | |
| Paralikunnu | 1150 | 1070 | | | 1100 | 750 | 950 | | 2500 | 530 | 1110 | 1115 | | 1125 | 1100 | | | |
| Valavayal | 1620 | 2410 | 3785 | 3485 | 1375 | 1025 | 2765 | 3200 | 4020 | 2060 | 1380 | 1475 | 1550 | 1195 | 1312 | 1615 | 9555 | 35000 |
| **KALLODY** | | | | | | | | | | | | | | | | | | |
| Deepthigiri | 2000 | | 2000 | | | | 2760 | | 3000 | 2778 | 2458 | | 2120 | 2000 | | 2000 | 5000 | 35000 |
| Jud's Mount | 2700 | 1556 | 6650 | 3000 | 1000 | 1600 | 2300 | 2500 | 2000 | 600 | 1700 | 1800 | 1600 | 2150 | 1700 | 1860 | 12700 | 27500 |
| Kallody | 2765 | 3001 | 3000 | | | 4811 | 4245 | | | 4486 | 4131 | 2434 | 15700 | 3514 | 3431 | 3463 | 25310 | 275000 |
| Karimbil | 150 | 150 | 500 | 2000 | 150 | 150 | 150 | | 1000 | 200 | 200 | 200 | 200 | 200 | 150 | 200 | 3000 | 10000 |

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Kunjhome | 1200 | 1230 | 3600 | 2400 | 1100 | 1150 | 2760 | 3260 | 2800 | 1340 | 1600 | 1180 | 1265 | 1060 | 600 | 1125 | 5615 | 36000 |
| Makkiyad | | | 2000 | | | | 1900 | | 2500 | | | 2000 | 2911 | | 1500 | 1200 | 7000 | 12500 |
| Niravilpuzha | 150 | 250 | 500 | 1600 | 250 | 200 | 150 | 250 | 500 | 300 | 500 | 250 | 200 | 150 | 250 | 150 | 3500 | 10000 |
*കരിമ്പിൽ:–* വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നൊവേനയിൽ പങ്കെടുക്കുകയും, സൂക്തങ്ങൾ ഹൃദ്യസ്ഥമാക്കുകയും, അൽഫോൻസ ക്വിസ്സ് നടത്തുകയും ചെയ്തു.
*കല്ലുവയൽ:–* ലോഗോസ് പരിശീലനം, മിഷൻ ഗ്രാമത്തിനായി ഉപവാസ

പ്രാർത്ഥന, മാതാപിതാക്കൾക്കായി സെമിനാർ എന്നിവ നടത്തി. മാർ ജേക്കബ് തൂങ്കുഴി പിതാവിന് തിരുനാൾ മംഗളങ്ങൾ നേർന്നു.

*പയ്യമ്പള്ളി:-* ഇടവകയിലെ പാവപ്പെട്ട കുടുംബങ്ങളെ സന്ദർശിച്ച് പഠന സഹായമായി 7,000 രൂപയും, രോഗീ സഹായമായി 3,000 രൂപയും കൊടുത്തു. വിശുദ്ധരെ പരിചയപ്പെടുത്തൽ, സാഹിത്യശിൽപശാല, ജപമാല സൈന്യ മീറ്റിംഗ്, അൾത്താര സംഘാംഗങ്ങൾക്ക് പരിശീലനം എന്നിവ നടത്തി.

*കാട്ടിക്കുളം:-* ചേലൂർ ഉള്ള വെയിറ്റിംഗ് ഷെഡ് വൃത്തിയാക്കി, വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ശാഖയിൽ അൽഫോൻസ ക്വിസ്സ് നടത്തി.

*ഇടിവണ്ണ:-* യുവജന ദിനത്തിൽ മിഷൻലീഗ് അംഗങ്ങൾ യുവജനങ്ങൾക്ക് വേണ്ടി ആശംസാ പ്രസംഗം പറഞ്ഞു. ഛാന്ദാ മിഷൻ രൂപതയ്ക്കായി 5,000 രൂപ സംഭാവന നൽകി. തിരുസഭയ്ക്കു വേണ്ടി മിഷൻലീഗ് അംഗങ്ങൾ ഉപവാസമെടുത്ത് പ്രാർത്ഥിച്ചു.

*കയ്യൂന്നി:-* ഏകദിന സെമിനാർ, എയ്ഞ്ചൽ മീറ്റ്, 65 വയസ്സിന് മുകളിലുള്ള ദമ്പതികളെ ആദരിക്കൽ, യുവജന സെമിനാർ, ആരോഗ്യ ജാഗ്രതയെകുറിച്ചുള്ള ലീഫ്‌ലെറ്റ് വിതരണം, അൽഫോൻസ ടെലികിസ്സ് എന്നിവ നടത്തി.

*പാലേമാട്:-* വി.അൽഫോൻസ ക്വിസ്സ്, കൊളാഷ് മത്സരം, ഉപന്യാസ മത്സരം എന്നിവ നടത്തി. ഇടവകയിലെ പാവപ്പെട്ട ഒരു കുടുംബത്തിന് അരി നൽകുകയും പൊതിച്ചോറ് എന്ന പ്രവർത്തനം നടത്തുകയും ചെയ്തു.

*ആടിക്കൊല്ലി:-* ലഹരിക്കടിമപ്പെട്ട യുവജനങ്ങൾക്കായും ദൈവവിളി പ്രോത്സാഹനത്തിനായും ആരാധന, സാഹിത്യ ക്യാമ്പ്, എന്നിവ നടത്തി.

*പടമല:-* ഓർമ്മയിലെ വിശുദ്ധർ എന്നതിന്റെ ഭാഗമായി ജൂലൈ മാസത്തിലെ വിശുദ്ധനെ പരിചയപ്പെടുത്തി അനുസ്മരണാ പ്രസംഗം നടത്തി. അൽഫോൻസാമ്മയുടെ തിരുനാളിന്റെ ഭാഗമായി മിഷൻലീഗ് അംഗങ്ങൾ നോമ്പാചരിച്ച് വി. കുർബാനയിലും നൊവേനയിലും പങ്കെടുത്ത് പ്രാർത്ഥിച്ചു. അൽഫോൻസാ നാമധാരികളെ ആദരിച്ചു. ശാഖയിൽ ബൈബിൾ ക്വിസ്സ് നടത്തി വിജയികളെ അനുമോദിച്ചു.

*പുതുശ്ശേരിക്കടവ്:-* ബൈബിൾ ക്വിസ്സ് നടത്തി, പഠന സഹായം കൊടുത്തു.

*ബത്തേരി:-* അക്ഷരം എന്നപേരിൽ എല്ലാ വിദ്യാർത്ഥികൾക്കും വേണ്ടി പ്രാർത്ഥിച്ചു, സാഹിത്യ ശിൽപശാല നടത്തി, കുട്ടനാട്ടിൽ ദുരിതമനുഭവിക്കുന്നവർക്ക് വസ്ത്രം ശേഖരിച്ച് കൊടുത്തു.

*വാഴവറ്റ:-* 'നമുക്കൊരു വൈദിക വിദ്യാർത്ഥി' എന്ന പദ്ധതി ഉദ്ഘാടനം ചെയ്തു, വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു.

*വടക്കനാട്:-* യുവജനങ്ങൾക്കു വേണ്ടി എല്ലാ ഞായറാഴ്ചയും പ്രത്യേകം ആരാധന നടത്തി പ്രാർത്ഥിക്കുന്നു.
*പ്രശാന്തിഗിരി:-* സ്നേഹാലയം സന്ദർശിച്ച് അവിടുത്തെ അന്തേവാസികൾക്ക് സോപ്പുപൊടി, ടീ കിറ്റ് തുടങ്ങിയവ വിതരണം ചെയ്തു.
*ചിത്രഗിരി:-* 10,+2 ക്ലാസ്സുകളിൽ ഉന്നതവിജയം നേടിയവരെ ആദരിച്ചു, സീനിയർ അംഗങ്ങൾക്ക് സൈബർ നിയമം സംബന്ധിച്ച് സെമിനാർ നടത്തി, ഗവ. ആസ്പത്രിയിൽ ഭക്ഷണത്തിനായി 1,000 രൂപ നൽകുകയും ഭക്ഷണം പാകംചെയ്യാൻ സഹായിക്കുകയും ചെയ്തു. ജപമാലസൈന്യം രൂപീകരിച്ചു. രോഗീസഹായമായി 13,000 രൂപ കൊടുത്തു.
*എടയൂർക്കുന്ന്:-* മഴക്കുഴി നിർമ്മിച്ചു, മാർഗ്ഗരേഖ ഉണ്ടാക്കി, വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. 10,+2 കുട്ടികളെ ആദരിച്ചു.
*സീതാമൗണ്ട്:-* വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് സാഹിത്യമത്സരം, പ്രസംഗമത്സരം, എന്നിവയും ജലദിനത്തോടനുബന്ധിച്ച് ജലസംരക്ഷണ പോസ്റ്റർ രചനാ മത്സരവും നടത്തി.
*അരിഞ്ചേർമല:-* 10,+1,+2 ക്ലാസ്സുകളിൽ ഫുൾ എ പ്ലസ് കിട്ടിയവരെ അനുമോദിക്കുകയും ക്യാഷ് അവാർഡ് നൽകുകയും ചെയ്തു. മാതാപിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസ്സ് നൽകി. വി.അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കമായി കുട്ടികൾ തമ്മിൽ സുകൃതങ്ങൾ എഴുതി കൈമാറി. ഹോസ്പിറ്റൽ സന്ദർശനം നടത്തി.
*തൃശ്ശിലേരി:-* സാഹിത്യശിൽപശാല നടത്തി.
*മുതിരേരി:-* ജലദിന സംരക്ഷണ സെമിനാർ കുട്ടികൾക്കായി നടത്തി.
*തലഞ്ഞി:-* പ്രേഷിത പ്രവർത്തനത്തെകുറിച്ചുള്ള സെമിനാർ നടത്തി, സാഹിത്യ ശിൽപശാല നടത്തി, കുമ്പസാരത്തെകുറിച്ചുള്ള ദേശീയ വനിതാ കമ്മീഷന്റെ പരാമർശത്തോട് പ്രതിഷേധിച്ച് സന്ദേശം അയയച്ചു.
*ദ്വാരക:-* വിജയോത്സവം നടത്തി കഴിഞ്ഞവർഷത്തെ പ്രതിഭകളെ ആദരിച്ചു. വസ്ത്രങ്ങൾ ശേഖരിച്ച് ദുരിതാശ്വാസ ക്യാമ്പിൽ കൊടുത്തു. മിഷൻ പ്രദേശങ്ങളും അവർ നേരിടുന്ന വെല്ലുവിളികളും കൊളാഷ് നിർമ്മാണ മത്സരം നടത്തി.
*കൊളവയൽ:-* കുട്ടികൾക്കായുള്ള മെഗാസ്റ്റാർ പ്രോഗ്രാം നടത്തി - മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് വികാരിയച്ചൻ സമ്മാനങ്ങൾ നൽകി അനുമോദിച്ചു. B day club, ലൈബ്രറി എന്നിവ ഉദ്ഘാടനം ചെയ്തു.
*കല്ലോടി:-* മാനന്തവാടി ഗവൺമെന്റ് സ്കൂളിൽ ദുരിതാശ്വാസ ക്യാമ്പിലുള്ളവരെ സന്ദർശിച്ച് വസ്ത്രം വിതരണം ചെയ്തു. യുവജന സെമിനാറിൽ മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു. മാനന്തവാടി ഗവൺമെന്റ് ആസ്പത്രി സന്ദർശിക്കുകയും അവിടെ ഭക്ഷണം ഉണ്ടാക്കാനും വിതരണം ചെയ്യാനും സഹായിച്ചു.
*കൽപ്പറ്റ:-* ജൂലൈ 3 വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു.

മേഖലയിൽ സ്കോളർഷിപ്പ് കിട്ടിയ കുട്ടികളെ അനുമോദിച്ചു. വി. അൽഫോൻസ ക്വിസ്സ് മത്സരം നടത്തി– വിജയികളായവർക്ക് ബഹു. മാത്യു പെരുമാട്ടികുന്നേൽ അച്ചൻ സമ്മാനം നൽകി അഭിനന്ദിച്ചു.

*മഞ്ഞൂറ:–* മിഷൻ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വൈദികർ, സിസ്റ്റേഴ്സ് എന്നിവരുടെ വിവര ശേഖരണം നടത്തി. വായനകുറിപ്പ് മത്സരം നടത്തി, ദൈവവിളി നിയോഗാർത്ഥം ആരാധന, ജാഗരണം എന്നിവ നടത്തി. മിഷൻ ഗ്രാമത്തിനായി ഉപവാസമെടുത്തു, കത്തയച്ചു. Rise 2018 – ലഹരി വിരുദ്ധ ക്യാമ്പ്, പോസ്റ്റർ, പതിപ്പ്, പ്രസംഗ മത്സരം, ബോധവത്ക്കരണ ക്ലാസ്സ് എന്നിവ നടത്തി.

*അപ്പപ്പാറ:–* കാഴ്ചസമർപ്പണം നടത്തി ലഭിച്ച പഠനോപകരണങ്ങൾ സാധുക്കളായ കുട്ടികൾക്കു നൽകി. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരെ സന്ദർശിച്ചു. വിത്ത് മാർഗ്ഗരേഖ പ്രകാശനം ചെയ്തു.

*കുറുമ്പാല:–* അർദ്ധദിന സെമിനാർ, അൽഫോൻസ ക്വിസ്സ്, കൊളാഷ് മത്സരം, പ്രളയ ഭൂരഹിതർക്കായി ആരാധന, മിഷൻഗ്രാമത്തിനായി ഉപവാസ പ്രാർത്ഥന എന്നിവ നടത്തി.

*കുറുമണി:–* പ്രളയബാധിതർക്ക് 1500 രൂപ സഹായം, കൗമാര പ്രായത്തിലെ കുട്ടികൾക്ക് ഡോ. ഫാ. സെബാൻ ചെരിപ്പുറത്ത് കൗമാര മന:ശാസ്ത്ര ശിൽപശാല എന്നിവ നടത്തി. കെ.സി.വൈ എം– നയിച്ച യുവജന സെമിനാറിൽ സി.എം.എൽ അംഗങ്ങൾ പങ്കെടുത്തു.

*നരിവാലമുണ്ട:–* മാസത്തിൽ ഒന്നു വചനപരീക്ഷ, യുവജന ദിനത്തിൽ യുവജനങ്ങൾക്കുവേണ്ടി പ്രാർത്ഥനാശംസ എന്നിവ നടത്തി.

*ഇരുളം:–* വിശുദ്ധരെ ആസ്പദമാക്കി പ്രസംഗം, കിടപ്പു രോഗികൾക്കു വേണ്ടി കരുണകൊന്ത, സൺഡേസ്കൂൾ, വചന പഠനം, രോഗീസന്ദർശനം എന്നിവ നടത്തി.

*കണിയാരം:–* ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കമ്പിളിപുതപ്പും പുൽപായയും കൊടുത്തു. മെഴുകുതിരി നിർമ്മിച്ചു.

*കണിയാമ്പറ്റ:–* തിരുബാലസഖ്യ അംഗത്വ നവീകരണം– സ്വീകരണം എന്നിവ നടത്തി. ശാഖയിലെ വിവിധ ഭാഗങ്ങളിൽ നിന്നു ശേഖരിച്ച കമ്പിളി, പുതപ്പ്, ബെഡ്ഷീറ്റ് തുടങ്ങിയവ ദുരിതാശ്വാസ ക്യാമ്പിൽ വിതരണം ചെയ്തു.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചുകൊണ്ട് നമുക്ക് ചെമ്മഞ്ഞകൊടിയുടെ കീഴിൽ അണിനിരക്കാം.

മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴി**

സി.എം.എൽ. രൂപതാ സെക്രട്ടറി

# Department of Youth Ministry

**ടീം ധ്യാനം**

യുവജന കൺവെൻഷനോടനുബന്ധിച്ച് യൂത്ത് മിനിസ്ട്രി ടീം അണക്കര മരിയൻ റിട്രീറ്റ് സെന്ററിൽ ഓഗസ്റ്റ് 3 മുതൽ 9 വരെയുള്ള ദിനങ്ങളിൽ ധ്യാനത്തിൽ പങ്കെടുത്തു. വലിയ ദൈവാനുഭവത്തിന്റെയും, ദൈവാനുഗ്രഹത്തിന്റെയും കരങ്ങൾ അനുഭവിച്ചറിഞ്ഞ മണിക്കൂറുകളായിരുന്നു ഈ ദിവസങ്ങൾ.

**ദുരിതാശ്വാസ സഹായം**

വയനാട്, നിലമ്പൂർ പ്രദേശങ്ങളിൽ ദുരിതാശ്വാസ സ്ഥലങ്ങൾ സന്ദർശിക്കുകയും ആവശ്യം വേണ്ട ഭക്ഷണം മുരുന്ന് തുടങ്ങിയവ പ്രളയബാധിതർക്ക് ലഭ്യമാക്കുകയും ചെയ്തു. ഓൺലൈൻ മീഡിയയിലൂടെ ഹെൽപ്പ് വയനാട് ക്യാംപയ്ൻ ആരംഭിച്ചു.

**ജാഗരണപ്രാർത്ഥന**

യുവജന കൺവെൻഷനോടനുബന്ധിച്ചുള്ള ജാഗരണ പ്രാർത്ഥന ഓഗസ്റ്റ് 15-ാം തീയതി യൂത്ത് മിനിസ്ട്രി ഓഫീസ് ചാപ്പലിൽ നടത്തി. യൂത്ത് മിനിട്രി ടീം നേതൃത്വം നല്കി.


**സി. ലിൻസി എസ്.സി.വി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ടി

**ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

കേരളം മുഴുവൻ ദുരിതത്തിലായിരിക്കുന്ന ഈ സാഹചര്യത്തിൽ കെ.സി.വൈ.എം. പ്രവർത്തകർ ദുരന്തമുഖത്ത് സജീവമായി ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പ്രവർത്തിച്ചു. രൂപത സമിതിയുടെ നേതൃത്വത്തിൽ ആർക്കും എത്തിപ്പെടാൻ സാധിക്കാതെ ഒറ്റപ്പെട്ടുപ്പോയ സ്ഥലങ്ങളിൽ സഹായമെത്തിക്കാൻ സാധിച്ചു. ഒറ്റപ്പെട്ട പ്രവർത്തനങ്ങളായല്ല കൂട്ടായ്മയുടെ വലിയ സാക്ഷ്യമാകാൻ രൂപതയിലെ കെ.സി.വൈ.എം. പ്രവർത്തകർക്ക് സാധിച്ചതിന് ഏവർക്കും അഭിനന്ദനങ്ങൾ.

**തുടർ പ്രവർത്തനങ്ങൾ**

നമ്മൾ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ താൽക്കാലികമായി മാറ്റി വച്ചിട്ടുണ്ട്. ഇനിയുള്ള പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അടുത്ത സിൻഡിക്കേറ്റ് മീറ്റിംഗിനുശേഷം അറിയിക്കുന്നതാണ്.

**സംസ്ഥാന അർദ്ധവാർഷിക സെനറ്റ്**

തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്ന സംസ്ഥാന അർദ്ധവാർഷിക സെനറ്റിൽ പ്രസിഡണ്ട് ജിഷിൻ മുണ്ടക്കാത്തടത്തിലിന്റെ നേതൃത്വത്തിൽ ആറംഗസംഘം പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു.

**യൂണിറ്റ് വാർത്തകൾ - കല്ലുവയൽ**

യുവജനങ്ങൾ നിർമ്മിച്ച കല്ലുവയൽ ബസ് കാത്തിരിപ്പു കേന്ദ്രം ബഹുമനപ്പെട്ട ഡയറക്ടർ ജെയ്സൺ കുഴികണ്ടത്തിൽ അച്ചൻ ജൂലൈ 8 ന് ഉദ്ഘാടനം ചെയ്തു.

**വാളേരി**

എന്റെ നാടും പരിസ്ഥിതിയും എന്ന ആശയത്തിൽ യുവജനദിനാഘോഷങ്ങളെ ഏകോപിപ്പിച്ചു. വാളേരി പ്രദേശങ്ങൾ ശുചീകരിക്കുകയും ബസ് കാത്തിരിപ്പുകേന്ദ്രം നവീകരിക്കുകയും കാലഹരണപ്പെട്ട ഫ്ളെക്സുകൾ അഴിച്ചുമാറ്റുകയും ചെയ്തു.

**വടക്കനാട്**

15-8-18 ന് യൂത്ത് ഡേ വിപുലമായി ആഘോഷിച്ചു. ബഹുമാനപ്പെട്ട ജോജോ ചങ്ങനാംതുണ്ടത്തിൽ അച്ചന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി. യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ഇന്നത്തെ ലോകത്ത് നാം പാലിക്കേണ്ട കൃത്യനിഷ്ഠകളെക്കുറിച്ചും അന്നേ ദിവസം അച്ചൻ സംസാരിക്കുകയുണ്ടായി.

**പാറത്തോട്ടം**

പേര്യയിൽ നിന്ന് ഒഴുക്കിൽപ്പെട്ട് കാണാതായ 7 വയസുകാരൻ അജ്മൽ എന്ന കുട്ടിക്കുവേണ്ടി കെ.സി.വൈ.എം. പ്രവർത്തകർ നാടിനോടൊപ്പം കൈകോർക്കുകയും തിരച്ചിലിനായി സഹകരിച്ച എല്ലാവർക്കും ഭക്ഷണം ഒരുക്കി മതസൗഹാർദ്ദം ഊട്ടിവളർത്തി.

**ഇടിവണ്ണ**

യുവജന ദിനാഘോഷത്തോടനുബന്ധിച്ച് നടന്ന കത്തിച്ച തിരികളുമായി യുവജനങ്ങൾ തങ്ങളെ ദൈവത്തിന് സമർപ്പിച്ചു 60 യുവജനങ്ങൾ പങ്കെടുത്തു. അന്നേ ദിവസം കിടപ്പുരോഗികളെയും വൃദ്ധമാതാക്കളെയും സന്ദർശിച്ച് മധുരപലഹാരം വിതരണം ചെയ്തു. നിലമ്പൂരിൽവെച്ച് നടന്ന യുവജനസംഗമത്തിൽ 30 യുവജനങ്ങൾ പങ്കെടുത്തു.

**താളിപ്പാടം**

യുവജനദിനാഘോഷത്തോടനുമ്പന്ധിച്ച് യുവജനങ്ങൾക്കുവേണ്ടി അർപ്പിച്ച ദിവ്യബലിയിൽ യുവജനങ്ങളെല്ലാവരും സജീവമായി പങ്കെടുത്തു. പ്രോലൈഫിനെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു. തുടർന്ന് നടന്ന ആരാധനയ്ക്ക് അഡ്വ. ജോസ് നേതൃത്വം നൽകി.

**ചുങ്കക്കുന്ന്**

മഴക്കാലരോഗ പ്രതിരോധ ക്യാമ്പ് നടത്തി. യുവജനദിനാഘോഷത്തോടനുബന്ധിച്ച് സ്പെഷ്യൽ സ്ക്കൂൾ സന്ദർശിച്ചു. രണ്ടാം ശനിയാഴ്ച്ച മാനന്തവാടി ഗവ. ഹോസ്പ്പിറ്റലിൽ അന്നദാനം നടത്തി. മാധ്യമ ജാഗ്രത: വിശ്വാസവും ജീവിതവും എന്ന വിഷയത്തിൽ ഫാ. നോബിൾ പാറയ്ക്കൽ ക്വാസ്സുകൾ നയിച്ചു. 200 പേർ പങ്കെടുത്തു.

**പനംചിറ**

വി. അൽഫോൻസ സഹനത്തിന്റെ പുത്രി എന്ന വിഷയത്തിൽ ഉപന്യാസ മത്സരം നടത്തി. വിശ്വാസ പരിശിലന രംഗത്ത് അഭിനന്ദനാർഹമായ നേട്ടം കൈവരിച്ചവരെ അനുമോദിച്ചു.

**കയ്യൂന്നി**

റോഡിന് ഇരുവശത്തും വളർന്ന കാട് വെട്ടി തെളിച്ച് യാത്ര സുഗമമാക്കാൻ സഹായിച്ചു. യുവജന ദിനാഘോഷത്തോടനുബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചു.

**കല്ലോടി**

ജൂലൈ 13 ന് യൂണിറ്റ് ഭാരവാഹികൾ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചു. ജൂലൈ 22 ന് യുവജന ദിനം ആചരിച്ചു. മീഡിയ അവേർന്നസിനെക്കുറിച്ച് ഫാ.നോബിൾ പാറയ്ക്കൽ ക്ലാസ്സുകൾ നയിച്ചു. 160 പേർ പങ്കെടുത്തു.

**സുബിൻ ജോസ് കൊഴുപ്പത്തടത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ആഗസ്റ്റ് 12 മുതൽ 15 വരെ നടന്ന MPC യിൽ 112 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹ കരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | | |
|---|---|---|---|
| സെപ്റ്റംബർ | 02 – 05 | – | പാസ്റ്ററൽ സെന്റർ, ദ്വാരക |
| ഒക്ടോബർ | 01 – 04 | – | പാസ്റ്ററൽ സെന്റർ, ദ്വാരക |
| ഒക്ടോബർ | 26 – 29 | – | പാസ്റ്ററൽ സെന്റർ, ദ്വാരക |
| നവംബർ | 23 – 26 | – | പാസ്റ്ററൽ സെന്റർ, മണിമൂളി |

**മരിയൻ സിംഗിൾസ്**

ആഗസ്റ്റ് 13–ന് നടത്താനിരുന്ന മീറ്റിംഗ് കാലാവസ്ഥ പ്രതികൂല മായതിനാൽ നടത്താൻ കഴിഞ്ഞില്ല. അടുത്ത മീറ്റിംഗ് സെപ്റ്റംബർ 15–ന് ആയിരിക്കും.

**മാതൃവേദി**

04–08–18 ന് രൂപതാ എക്സിക്യൂട്ടിവ് മീറ്റിംഗ് നടത്തി. കാക്ക നാട് വച്ചു നടന്ന അന്തർദേശീയ ജനറൽ ബോഡിയിൽ സെനറ്റ് മെമ്പർ മേരി കൊച്ചുകാട്ടിത്തറയിൽ പങ്കെടുത്തു. മുൻ രൂപതാ എക്സിക്യൂ ട്ടീവ് അംഗത്തിന് ചികിത്സാ സഹായമായി 10000 രൂപ നൽകി. ഒക്ടോ ബറിൽ നടക്കുന്ന യൂത്ത് കൺവെൻഷനെക്കുറിച്ചും കയ്യെഴുത്ത് മാസി കയെക്കുറിച്ചും ചർച്ച ചെയ്തു. ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൻ കുമ്പസാരമെന്ന കൂദാശയെക്കുറിച്ച് നടത്തിയ വിവാ ദപരാമർശത്തിനെതിരെ രൂപതാ മാതൃവേദി കത്തയയ്ക്കാൻ തീരുമാ നിച്ചു.

പ്രകൃതിക്ഷോഭം മൂലം കഷ്ടതയനുഭവിക്കുന്ന കേരള ജനത യ്ക്കായി പ്രത്യേക പ്രാർത്ഥനകൾ നടത്തി. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് സാധ്യമായ സഹായങ്ങൾ ചെയ്തുവരുന്നു. മേഖലാ–ശാഖാ ഭാരവാഹികളും അംഗങ്ങളും ക്യാമ്പുകളിലുള്ളവരെ സന്ദർശിച്ച് സാധ്യ

മായ സഹായങ്ങൾ ചെയ്യുന്നുണ്ട്. ഏവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. വെള്ളം കയറി വൃത്തികേടായ വീടുകൾ വൃത്തിയാക്കാൻ ശാഖകൾ സഹായിക്കേണ്ടതാണ്.

**പ്രവർത്തന റിപ്പോർട്ട്**

ഈ പ്രവർത്തനവർഷത്തെ റിപ്പോർട്ട് ശാഖകൾ സെപ്റ്റംബർ 30-നു മുമ്പായി മേഖലകളിൽ എത്തിക്കേണ്ടതാണ്. മേഖല ഓരോ ശാഖയും സന്ദർശിച്ച് ഏറ്റവും മികച്ച ഒരു ശാഖയെ കണ്ടെത്തി പ്രസ്തുത ശാഖാ റിപ്പോർട്ടും മേഖലയുടെ പ്രവർത്തന റിപ്പോർട്ടും ഒക്ടോബർ 30-ന് മുമ്പായി രൂപതയിൽ എത്തിക്കണം.

**മത്സരങ്ങൾ**

മാതൃവേദി അംഗങ്ങൾക്കായുള്ള രചനാ മത്സരം, ഡിസംബർ മാസത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന കരോൾഗാന മത്സരം എന്നിവ നാം ഈ വർഷം ഒഴിവാക്കുന്നു, ആ തുക മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്ക് സഹായമായി നൽകാം. കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ പല സ്ഥലങ്ങളിലും ആരംഭിച്ചതിനാൽ അത് മാറ്റിവെക്കുന്നില്ല.

**ശാഖാവാർത്തകൾ**

**വാഴവറ്റ**

കാലവർഷക്കെടുതി മാറുവാൻ അഖണ്ഡ ജപമാല, യുവദമ്പതികൾക്കായി ചെയിൻ റോസറി, യുവജനങ്ങൾക്കായി കരുണയുടെ ജപമാല, ജാഗരണ പ്രാർത്ഥന എന്നിവ നടത്തി. വി.യോവാക്കിം- അന്ന ദമ്പതികളുടെ തിരുനാൾ, പരിസ്ഥിതി ദിനം എന്നിവ ആചരിച്ചു. വൃക്ഷതൈ വിതരണം ചെയ്തു. വി.അൽഫോൻസാമ്മയുടെ തിരുനാൾ കൊണ്ടാടി. അമ്മമാർ ലോഗോസ് രജിസ്ട്രേഷൻ, മരിയൻ ക്വിസ്, ഭവന സന്ദർശനം, രോഗീസഹായം, വൈദിക വിദ്യാർത്ഥി സഹായം എന്നിവ നടത്തി. ജ്യോതി നിവാസ് സന്ദർശിച്ച് ഒരു നേരത്തെ ഭക്ഷണം നൽകി. ചക്കമഹോത്സവം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി. മാതൃവേദി അംഗമായ തേരുംന്താനത്ത് മേരിയുടെ മൃതസംസ്കാരത്തിൽ പങ്കെടുത്ത് റീത്ത് സമർപ്പിച്ചു.

**പേരിയ**

മനുഷ്യമനസ്സിന്റെ പ്രശ്നങ്ങളെകുറിച്ച് സി.ഡോ. ഡെയ്സി എഫ്.സി.സി. അമ്മമാർക്ക് സെമിനാർ നടത്തി.

**പാലേമാട്**

രോഗീസന്ദർശനം നടത്തി രണ്ട് നിർദ്ധന കുടുംബത്തിന് 2500 രൂപ വീതം സാമ്പത്തിക സഹായവും നിർദ്ധനരായ വിദ്യാർത്ഥികൾക്ക് 2000 രൂപയും ബാഗ്, കുട, ബുക്ക് എന്നിവയും നൽകി.

**പാറത്തോട്ടം**

ചികിത്സാ സഹായം നൽകി. നടവയലിലുള്ള ഓസാനാം ഭവൻ സന്ദർശിച്ച് ക്ലീനിംഗ് നടത്തുകയും അവർക്കുവേണ്ട വീട്ടുപയോഗസാധനങ്ങൾ നൽകി. അമ്മമാർ ബൈബിൾ വായിക്കാനും പഠിക്കാനുമായി ലോഗോസിൽ പങ്കെടുക്കുന്നു.

**വടക്കനാട്**

ഗ്രാമ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ റാലിയിലും നിരാഹാരസമരത്തിലും അമ്മമാർ സംബന്ധിച്ചു. കുടുംബം വിശുദ്ധിയുടെ വിളനിലം എന്ന വിഷയത്തെ സംബന്ധിച്ച് സി. നാൻസി ക്ലാസ് നയിച്ചു.

**കാവുംമന്ദം**

വെള്ളപ്പൊക്കംമൂലം വിഷമിക്കുന്ന കുട്ടനാട് പ്രദേശത്തെ ജനങ്ങൾക്കായ് 3 ചാക്ക് അരിയും വസ്ത്രങ്ങളും 5000 രൂപയും സ്വന്തം ഇടവകയിലെ 2 കുടുംബങ്ങൾക്ക് അരിയും നൽകി സഹായിച്ചു. കത്തോലിക്ക സഭയേയും വി.കൂദാശയേയും അവഹേളിച്ചുകൊണ്ടു നടത്തിയ പ്രസ്ഥാവനയ്ക്കെതിരായി മാതൃവേദി അംഗങ്ങൾ റാലി നടത്തി പ്രതിഷേധം അറിയിച്ചു.

**അസംപ്ഷൻ**

തോമസ് നാമധാരികളെ ആദരിച്ചു. പ്രളയകെടുതി അനുഭവിക്കുന്നവർക്കുവേണ്ടിയും പകർച്ച പനിയിൽ നിന്ന് സൗഖ്യം ലഭിക്കുന്നതിനുവേണ്ടിയും ജാഗരണ പ്രാർത്ഥന നടത്തി. രോഗീസന്ദർശനം നടത്തി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിധവയുടെ കാണിക്ക സ്വരൂപിച്ചു. വി.ബനഡിക്ട്, കർമ്മല മാതാവ്, വി. മേരി മഗ്ദലേന, വി. യാക്കോബ് എന്നിവരുടെ തിരുനാളുകൾ ആഘോഷിച്ചു. ബഹു.വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു. വി.അൽഫോൻസാമ്മയുടെ തിരുനാളിൽ അമ്മമാർ വി.കുർബാനയ്ക്ക് വചനം വായിച്ചു. കാഴ്ച സമർപ്പണം നടത്തി. യുവജനങ്ങൾക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**വലിയകൊല്ലി**

യുവജനങ്ങൾക്കുവേണ്ടി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. വി.കുർബാനയിൽ 40 അമ്മമാർ കാഴ്ചസമർപ്പണം നടത്തുകയും കിട്ടിയ തുക ജീവകാരുണ്യ പ്രവർത്തനത്തിനായി മാറ്റിവെച്ചു. 20 അമ്മമാർ ലോഗോസ് പരീക്ഷയ്ക്കായ് ഒരുങ്ങുന്നു. കൈയ്യെഴുത്ത് മാസിക തയ്യാറാക്കാൻ എഡിറ്റോറിയൽബോർഡ് രൂപീകരിച്ചു. അമ്മമാർ അൽഫോൻസാമ്മയുടെ തിരുനാളിന് നേർച്ചയപ്പം കൊണ്ടുവന്നു.

**പുതിയിടംകുന്ന്**

ഗവ. ഹോസ്പിറ്റൽ സന്ദർശിച്ച് ആതുരശുശ്രൂഷ ചെയ്തു. സമരിറ്റൻ ഭവൻ സന്ദർശിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ പുതിയിടംകുന്ന് എൽ.പി സ്കൂളിലെ കുട്ടികൾക്കായി ലൈംഗിക അതിക്രമത്തിൽ നിന്നു സംരക്ഷിക്കുന്ന നിയമത്തെകുറിച്ച് അഡ്വ. എൽബി മാത്യു ക്ലാസ് നയിച്ചു.

**കയ്യൂന്നി**

കയ്യൂന്നി സ്കൂളിൽ നിന്നും എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയ കുട്ടികൾക്കും 10–ാം ക്ലാസ് സ്കോളർഷിപ്പ് പരീക്ഷയിൽ റീജണൽ തലത്തിൽ ഒന്നാം സ്ഥാനം നേടിയ കുട്ടിക്കും ക്യാഷ് അവാർഡ് നൽകി അനുമോദിച്ചു. അവരുടെ മാതാപിതാക്കളെ പൊന്നാട നൽകി ആദരിച്ചു. കേന്ദ്ര വനിത കമ്മീഷൻ ചെയർപേഴ്സൻ രേഖാ ശർമ്മയുടെ കുമ്പസാരമെന്ന കൂദാശയ്ക്ക് എതിരേയുള്ള നീക്കങ്ങളോട് പ്രതികരിക്കുന്നതിനായി കുർബാനയെ തുടർന്ന് യോഗം സംഘടിപ്പിക്കുകയും മാതൃവേദി അംഗമായ ഷെൻസി ടീച്ചർ കുമ്പസാരത്തിന്റെ പ്രസക്തിയെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

**പാടിച്ചിറ**

ദുക്റാന തിരുനാൾ ദിനത്തിൽ ബഹു. വികാരിയച്ചന് ഫീസ്റ്റിന്റെ മംഗളാശംസകൾ നൽകി. യുവജനങ്ങൾക്കായി ജാഗരണ പ്രാർത്ഥന നടത്തി. കർമ്മല മാതാവിന്റെ തിരുനാൾദിനത്തിൽ സി.എം.സി. സിസ്റ്റേഴ്സിനുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി ആശംസകൾ അർപ്പിച്ചു. മാതാപിതാക്കൾക്കായി പേരന്റിംഗ് എന്ന വിഷയത്തെപ്പറ്റി ശ്രീ. ബേബി ചക്കാലക്കൽ ക്ലാസ്സ് ഏടുത്തു. അമ്മമാർക്ക് വിവിധ തരത്തിലുള്ള സോപ്പ് നിർമ്മാണ പരിശീലനം നൽകി. സമരിറ്റൻ ഭവൻ, എമ്മാവൂസ് വില്ല എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് 6000 രൂപ ധനസഹായം നൽകി. നിർദ്ധനരായ രണ്ടു പേർക്ക്  കുട നൽകി.

**കല്ലുവയൽ**

ഭവനങ്ങളിൽ തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. അമ്മമാർക്ക് സെമിനാർ നടത്തി. 82 പേർ പങ്കെടുത്തു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി ശുശ്രൂഷകൾ (3-8-2018)**

രാവിലെ 10 മണിയോടുകൂടി ആദ്യവെള്ളി ശുശ്രൂഷകൾ ആരംഭിച്ചു. ജപമാല, കുരിശിന്റെ വഴി - പ്രാർത്ഥനയ്ക്കുശേഷം ബഹു.സോണിയച്ചന്റെ നേതൃത്വത്തിൽ 3 മണിക്ക് ടീം മീറ്റിംഗ് നടത്തി. 5 pm-ന് ജാഗരണ പ്രാർത്ഥന തുടങ്ങി. സ്തുതി ആരാധന, വി. കുർബാനയ്ക്കുശേഷം രാത്രി 10 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ (4-8-18)**

ആദ്യശനിയാഴ്ച രാവിലെ 6 മണിക്ക് കൺവെൻഷൻ ഒരുക്ക ശുശ്രൂഷകൾ ആരംഭിച്ചു. ജപമാലപ്രദക്ഷിണം, വെഞ്ചരിപ്പ് എന്നിവ നടത്തി. 8.45 ന് കൺവെൻഷൻ ആരംഭിച്ചു. തലശ്ശേരി അതിരൂപതാംഗമായ റവ. ഫാ. ബെന്നി പുത്തൻനട (മദർ ഹോം മുൻ അഡ്മിനിസ്ട്രേറ്റർ) വചനപ്രഘോഷണം നടത്തി. റവ. ഫാ. ഷിജു ഐക്കരക്കാന (രൂപത മിഷൻലീഗ് ഡയറക്ടർ) വി.കുർബാന അർപ്പിച്ചു. സ്പിരിച്ചൽ ഷെയറിംഗ്, കുമ്പസാരം, അനുഭവസാക്ഷ്യം, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവയ്ക്കുശേഷം 3.30 ഓടെ ശുശ്രൂഷകൾ സമാപിച്ചു. സമർപ്പിത-വൈദികരുടെ പ്രത്യേക നിയോഗാർത്ഥം നടത്തിയ കൺവെൻഷനിൽ ധാരാളം സമർപ്പിതരും വിശ്വാസികളും പങ്കെടുത്തു.

**സീയോൻ ശുശ്രൂഷകരുടെ ധ്യാനം (5-8-18)**

ബഹു. പോൾ മുണ്ടോളിക്കലച്ചന്റെ നേതൃത്വത്തിൽ സീയോൻ ശുശ്രൂഷകർക്കുവേണ്ടിയുള്ള ധ്യാനം ഓഗസ്റ്റ് 5-9 തീയതികളിൽ നടത്തപ്പെട്ടു. 86 ശുശ്രൂഷകർ പങ്കെടുത്തു.

**രണ്ടാംശനി - പൊതുസ്പിരിച്ചൽ ഷെയറിംഗ് (11-8-18)**

രണ്ടാം ശനിയാഴ്ച രാവിലെ 9 മുതൽ 3 മണിവരെ സ്പിച്ചൽ ഷെയറിംഗ് നടത്തി. മഴയെ അവഗണിച്ചും ധാരാളം പേർ ഈ ശുശ്രൂഷ സ്വീകരിക്കാനായി കടന്നുവന്നു.

**മൂന്നാംവെള്ളി ജാഗരണപ്രാർത്ഥന (17-8-18)**

ഓഗസ്റ്റ് 17-ാം തീയതി വൈകുന്നേരം 6 മുതൽ രാവിലെ 5 വരെ

സീയോൻ ടീമിന്റെ നേതൃത്വത്തിൽ നടന്ന ജാഗരണ പ്രാർത്ഥനയിൽ വിവിധ സന്യാസഭവനങ്ങളിലെ ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു.

**സീയോൻ സെപ്റ്റംബർ മാസത്തിൽ**

| | | |
|---|---|---|
| ഓഗസ്റ്റ് 31 വെള്ളി | - | ടീം മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| സെപ്റ്റംബർ 4 ശനി | - | ഏകദിന കൺവെൻഷൻ<br>വചനപ്രഘോഷണം: ബിഷപ്പ് ജോസഫ് പാംബ്ലാനി തലശ്ശേരി അതിരൂപത |
| സെപ്റ്റംബർ 2-5 | - | വാർഷികധ്യാനം - കല്ലുമുക്ക് |
| സെപ്റ്റംബർ 7 വെള്ളി | - | തൂവാനീസ & വിധവാ പ്രാർത്ഥനാദിനം<br>കൗൺസിലേഴ്സ് പ്രാർത്ഥനാദിനം |
| സെപ്റ്റംബർ 8 ശനി | - | പൊതുസ്പിരിച്ച്വൽ ഷെയറിംഗ് |
| സെപ്റ്റംബർ 9-13 | - | യുവജനധ്യാനം (അവിവാഹിതർ) |
| സെപ്റ്റംബർ 15 | - | ജാഗരണ പ്രാർത്ഥന |
| സെപ്റ്റംബർ 22 | - | രോഗസൗഖ്യദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# കത്തോലിക്കാ കോൺഗ്രസ് -AKCC

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള കേരള സംസ്ഥാന കമ്മീഷനു റിപ്പോർട്ട് സമർപ്പിച്ചു.

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ക്ഷേമത്തിനുതകുന്ന 13 നിർദ്ദേശങ്ങളാണ് പ്രധാനമായും കോഴിക്കോട് നടത്തിയ സിറ്റിംഗിൽ രൂപതാ സമിതിക്കുവേണ്ടി സണ്ണി ചെറുകാട്ട്, വർക്കി നിരപ്പേൽ, അഡ്വ. ഷാജി തോപ്പിൽ എന്നിവർ സമർപ്പിച്ചത്.

**നിർദ്ദേശങ്ങൾ**

1. മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ വാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരിധി നിശ്ചയിച്ച് സംവരണത്തിന് അർഹരാക്കുക.
2. മുന്നോക്കവിഭാഗ ക്ഷേമ വകുപ്പ് രൂപീകരിക്കുക.
3. വാർഷികവരുമാനം കണക്കാക്കുമ്പോൾ ഭൂമിയുടെ അളവ് വീടിന്റെ വലുപ്പം എന്നിവ പരിഗണിക്കാതെ വാർഷിക വരുമാനം മാനദണ്ഡമായി കണക്കാക്കുക.
4. സർക്കാർ സർവീസിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിനും സംവരണം ഏർപ്പെടുത്തുക.
5. കുട്ടികൾക്ക് പ്ലസ്ടു മുതൽ ഉന്നത വിദ്യാഭ്യാസത്തിനു സ്കോളർഷിപ്പ് നൽകുക.
6. ഭവനനിർമ്മാണം, ചികിത്സ എന്നിവയ്ക്കു സഹായവും വിവാഹത്തിനു പലിശരഹിത വായ്പയും അനുവദിക്കുക.
7. കൃഷിക്ക് പലിശരഹിത വായ്പയും സൗജന്യമായി വിത്തുകൾ, വളങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവയും ലഭ്യമാക്കുക.
8. പി.എസ്.സി. പ്രായപരിധി 41 വയസാക്കുക.
9. ചെറുകിട തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് സഹായവും സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരിശീലനവും നൽകുക.
10. സംവരവിഭാഗങ്ങൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുക.
11. അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ബി.പി.എൽ കാർഡും

ആരോഗ്യ ഇൻഷ്വറൻസ് കാർഡും ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുക.

12. മുന്നോക്ക സമുദായം എന്ന പദം സംവരണേതര സമുദായം എന്നാക്കാൻ സർക്കാരിനു ശിപാർശ സമർപ്പിക്കുക.
13. ത്രിതല പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളിൽ അർഹമായ പരിഗണന നൽകുക.

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ സംവരണ വിഭാഗങ്ങളെക്കാൾ മോശം അവസ്ഥയിലാണ്. കാർഷിക മേഖലയുടെ തകർച്ച, വന്യജീവി ശല്യം പ്രകൃതി ദുരന്തങ്ങൾ എന്നിവമൂലം ജീവിതം മുന്നോട്ടു കൊണ്ടുപോകാനാകാതെ വിഷമിക്കുകയാണ് ചെറുകിടകർഷകർ. ഈ പശ്ചാത്തലത്തിലാണ് രൂപത സമിതിയുടെ പഠനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ ക്രോഡീകരിച്ച് കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചത്.

**കുമ്പസാരത്തെ അധിക്ഷേപിച്ചതിനെതിരെ പ്രതിഷേധ കൂട്ടായ്മ**

ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമായ കുമ്പസാരമെന്ന കൂദാശ നിരോധിക്കണമെന്ന ദേശീയ വനിത കമ്മീഷൻ അധ്യക്ഷ രേഖ ശർമ്മയുടെ ശിപാർശ ഭരണഘടനാ വിരുദ്ധമാണെന്നും രൂപതാ സമിതി വിലയിരുത്തി. ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിനും രാജ്യത്തെ മതേതരത്വത്തിനും തുരങ്കം വെക്കുന്നതാണ് വനിതാ കമ്മീഷൻ അധ്യക്ഷയുടെ ശിപാർശ. കുമ്പസാരത്തിന്റെ ദൈവശാസ്ത്രപരവും ധാർമികവും മന:ശാസ്ത്രപരവുമായ വശങ്ങൾ മനസ്സിലാക്കാതെയും അവരുടെ അധികാര പരിധിയിൽ വരാത്തതുമായ കാര്യങ്ങളാണ് ശുപാർശ ചെയ്തത് എന്ന് യോഗം ചൂണ്ടിക്കാട്ടി. പ്രതിഷേധ കൂട്ടായ്മകൾ സംഘടിപ്പിച്ച യൂണിറ്റ്തല പ്രവർത്തകരെയും ഫൊറോന സമിതികളെയും രൂപത പ്രവർത്തക സമിതിയംഗങ്ങളെയും നന്ദിയറിയിക്കട്ടെ.

**പ്രളയബാധിതർക്ക് ഒരു കൈത്താങ്ങ്**

മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രളയബാധിത പ്രദേശങ്ങളിലും ക്യാമ്പുകളിലും സഹായം എത്തിക്കുന്നതിൽ എല്ലാ യൂണിറ്റ് അംഗങ്ങളും ഭാരവാഹികളും ഫൊറോനാ സമിതി അംഗങ്ങളും രൂപതാ നേതൃത്വവും അക്ഷീണം പരിശ്രമിച്ചു എന്നത് അഭിനന്ദനാർഹമാണ്. വെള്ളപ്പൊക്കത്തിൽ ഒറ്റപ്പെട്ട പ്രദേശങ്ങളിലും ക്യാമ്പുകളിലും ഭക്ഷണ സാധനങ്ങളും വസ്ത്രങ്ങളും പുതപ്പുകളും മറ്റ് ഉപകരണങ്ങളും എത്തിക്കുന്നതിൽ ശ്രദ്ധാലുക്കളായി പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

**ബൽത്തങ്ങാടി രൂപതയ്ക്കും കത്തോലിക്കാ കോൺഗ്രസ്സ് ഭാരവാഹികൾക്കും നന്ദിയും അഭിനന്ദനങ്ങളും**

പ്രളയക്കെടുതിയിൽ മാനന്തവാടി രൂപതയെ സഹായിക്കുന്നതിനായി ബൽത്തങ്ങാടി രൂപതാ നേതൃത്വവും കത്തോലിക്കാ കോൺഗ്രസ്സ് ഭാരവാഹികളും ചേർന്ന് ശേഖരിച്ച 70 ടണ്ണിലേറെ ഭക്ഷണ സാധനങ്ങളും മറ്റ് സാധനങ്ങളും മാനന്തവാടി രൂപതാ നേതൃത്വത്തെ എൽപ്പിച്ചു. ഒരാഴ്ചത്തെ കഠിന പ്രയത്നത്തിലൂടെ സമാഹരിച്ച ഭക്ഷണസാധനങ്ങൾ 7 വലിയ ലോറികളിലായി മാനന്തവാടി രൂപതയിൽ എത്തിക്കുകയായിരുന്നു. പ്രളയബാധിത പ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് ഒരു കൈത്താങ്ങായി നൽകുവാൻ ഇത് ഉപകരിച്ചു.

കർണ്ണാടക സീറോ മലബാർ കാത്തലിക് അസോസിയേഷൻ ഡയറക്ടർ റവ. ഫാ. ബിനോയ് കുര്യാളശ്ശേരി, കെ.കെ.സെബാസ്റ്റ്യൻ (പ്രസിഡണ്ട്), സോഫിയ ജോസഫ് (സെക്രട്ടറി), മാർഗ്ഗരറ്റ് (ജോയിന്റ് സെക്രട്ടറി), ജോമറ്റ് (എക്സി.മെമ്പർ), ആന്റോ സി.ജെ, ജോസ് കെ.ജെ, ബിജു അഗസ്റ്റിൻ, സെബാസ്റ്റ്യൻ വി.ജെ.ജോസ് അൻഞ്ചേരി എന്നിവരുടെ നേതൃത്വത്തിൽ 50 പേരടങ്ങുന്ന ടീമാണ് മാനന്തവാടി രൂപതയിൽ എത്തി സാധനങ്ങൾ കൈമാറിയത്. എല്ലാവർക്കും രൂപതാസമിതിയുടെ പ്രാർത്ഥനയും നന്ദിയും അറിയിക്കട്ടെ.

**വർക്കി നിരപ്പേൽ**
രൂപത ജനറൽ സെക്രട്ടറി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരരെ,

സമ്മുടെ സംസ്ഥാനം ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ദുരന്തത്തിലൂടെ കടന്നുപോകുകയാണല്ലോ. പ്രളയം നാശം വിതച്ച നമ്മുടെ സംസ്ഥാനം ഈ ദുരന്തത്തിൽ നിന്ന് ഉയർത്തെഴുന്നേൽക്കുമെന്നത് നിസംശയമായ കാര്യമാണ്. ജീവിതത്തിന്റെ സമ്പദ്സമൃദ്ധിയിൽ നാം പലരും ദൈവത്തെ ഓർക്കാറില്ല. പ്രതിസന്ധികളും കഷ്ടതകളുമുണ്ടാകുമ്പോൾ മാത്രമാണ് നമ്മിൽ പലരും ദൈവത്തെ അന്വേഷിക്കാറുള്ളത്. ദൈവത്തിന്റെ പദ്ധതികളെക്കുറിച്ച് നാം അജ്ഞരാണ്. സന്തോഷം, സമ്പത്ത് എന്നിവ ദൈവത്തിന്റെ അനുഗ്രഹങ്ങളാണെന്നും കഷ്ടതകൾ, കഷ്ടപ്പാടുകൾ ദൈവത്തിന്റെ ശിക്ഷയാണെന്നും നാം കണക്കുകൂട്ടുന്നു. ദൈവത്തിന്റെ പദ്ധതികൾ ഇതിൽ നിന്നെല്ലാം വിഭിന്നമാണ്. നാം ഭൗതീകതലത്തിൽ കാര്യങ്ങൾ വിചിന്തനം ചെയ്യുമ്പോഴാണ് ഇത്തരം നിഗമനങ്ങളിൽ എത്തിച്ചേരുന്നത്. ദൈവത്തിന്റെ അനന്തമായ സ്നേഹം അനുഭവിച്ചറിയുവാൻ വിളിക്കപ്പെട്ടവരാണ് നാം. ഇന്നത്തെ പ്രതിസന്ധിയിൽ ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖം പ്രകാശിതമാകേണ്ടത് നാം ഓരോരുത്തരിലൂടെയുമാണ്. കഷ്ടതയനുഭവിക്കുന്നവരെ കൈ മെയ് മറന്ന് സഹായിക്കുവാൻ ഓരോ വിൻസെൻഷ്യനും മുന്നിട്ടിറങ്ങണം. നമുക്കുള്ളതെല്ലാം മറ്റുള്ളവർക്കായി പങ്കുവയ്ക്കുവാൻ നമുക്ക് കഴിയണം. നാം സമ്പത്തിന്റെ കാവൽക്കാർ മാത്രമാണ്, ഉടമകളല്ലെന്ന യാഥാർത്ഥ്യം തിരിച്ചറിയണം. നാം സ്വരുക്കൂട്ടി വയ്ക്കുന്ന സമ്പത്ത് നമുക്ക് ഉപകാരപ്പെടാതെ പോകുന്ന അവസരങ്ങളും ഉണ്ടാകാം എന്ന മുന്നറിയിപ്പും ഈ പ്രളയം നമുക്ക് നൽകുന്നുണ്ട്. അപരന്റെ വേതനയിലും കഷ്ടതയിലും അവനെ സഹായിക്കാതെ നാം ക്രൈസ്തവരാണെന്ന് പറയുന്നതിൽ യാതൊരു സത്യവുമില്ല. നിന്നെപോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക. ഇന്ന് നമ്മുടെ അയൽക്കാരൻ നമ്മുടെ കഷ്ടത അനുഭവിക്കുന്ന സഹജീവികളാണ്. അവന്റെ വേദനക്കു മുമ്പിൽ നാം കണ്ണടക്കരുത്.

സി.സി.യുടെ ആഭിമുഖ്യത്തിൽ എ.സി. തലത്തിൽ പരിശീലന ക്ലാസ്സുകൾ നടത്തുന്നതിന് നാം തീരുമാനിച്ചിരുന്നുവല്ലോ. ഇതിന്റെ ഭാഗമായി കൊട്ടിയൂരിൽ ആദ്യത്തെ സെമിനാർ നടന്നു. ചുങ്കക്കുന്ന് ഫാത്തിമ മാത ഫൊറോന പള്ളി ഹാളിൽ നടന്ന സെമിനാർ എ.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ഷാജി മുളകുടിയാങ്കൽ ഉദ്ഘാടനം ചെയ്തു. എ.സി. പ്രസിഡണ്ട് ബ്ര.സ്റ്റനിസ്ലാവോസ് അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. വിൻസെന്റ് കളപ്പുര, റവ. ഫാ. സന്തോഷ്, സി.സി. പ്രസിഡണ്ട് ബ്ര. ജോർജ് ആക്കാന്തിരി എന്നിവർ ആശംസകൾ അർപ്പിച്ചു. സി.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര മുഖ്യപ്രഭാഷണം നടത്തി. സി.സി. ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം, സി.സി. വൈസ് പ്രസിഡണ്ട്, ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്ര. കെ.പി. ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഓസാനാം ഭവൻ സെക്രട്ടറി ബ്ര. വിൻസന്റ് ജോൺ വടക്കുംചേരി, ബ്ര. ജോസുകുട്ടി ചാത്തമല, സി. പ്രിയ ഷൈജൻ തടങ്ങഴി എന്നിവർ പ്രസംഗിച്ചു. ബ്ര. ജോസഫ് ചെറുപ്ലാവിൽ, സി. മേരി പുന്നക്കാപടവിൽ, ബ്ര. അലക്സാണ്ടർ കുഴിമണ്ണിൽ എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

പ്രാർത്ഥനാശംസകളോടെ,

**റവ.ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മണ്ണ് ജലം വായു സംരക്ഷണത്തിലൂന്നി രാസപദാർത്ഥങ്ങളെ അകറ്റി നിർത്തിയുള്ള കാർഷിക വൃത്തിയിലൂടെ മികച്ച വിളവും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും നേടിയെടുക്കാൻ കർഷകനെ പരിശീലിപ്പിക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മികവുറ്റ രീതിയിൽ മുന്നോട്ടു പോയ്കൊണ്ടിരിക്കുന്നു. ജൂലൈ മാസത്തിലും പദ്ധതിയിലേക്ക് പുതിയതായി 40 കർഷകർ അംഗങ്ങളാവുകയും ഫീൽഡ് കോർഡിനേറ്റർമാർ ഇവരെ പ്രാദേശിക അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് സഹായിക്കുകയും അവർക്കാവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും മീറ്റിങ്ങുകളിൽ റീജിണൽ കോർഡിനേറ്റർമാർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. അമ്പലവയൽ, മീനങ്ങാടി, വെള്ളമുണ്ട എന്നീ പഞ്ചായത്തുകളിലെ ഗ്രൂപ്പ് മീറ്റിങ്ങുകളിലാണ് ജൂലൈ മാസം കോർഡിനേറ്റർമാർ പങ്കെടുത്തത്.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

ജൈവകർഷകരുടെ ഉത്പന്നങ്ങൾ ആഭ്യന്തര-വിദേശ വിപണികളിൽ വിപണനം നടത്തുന്നതിനാവശ്യമായ സാക്ഷ്യപത്രം പുതുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൃഷിയിടങ്ങളിൽ നടന്നുവരുന്ന ഇന്റേണൽ ഇൻസ്പെക്ഷൻ 5488 കൃഷിയിടങ്ങളിൽ ജൂലൈ മാസം പൂർത്തീകരിക്കുകയും മുഴുവൻ കൃഷിയിടങ്ങളിലെയും പരിശോധന ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കുവാനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

**സെമിനാറുകൾ നടത്തി**

ജൈവകൃഷി, ഫെയർട്രേഡ് മാനദണ്ഡങ്ങൾ ഒന്നിലധികം സംഘ

ടനകളിൽ ഒരേ സർട്ടിഫിക്കേഷൻ പദ്ധതിയിൽ അംഗങ്ങളാകുന്നത് കൊണ്ടുള്ള ഭവിഷ്യത്തുകൾ എന്നിവയെ ആസ്പദമാക്കിയും കോഫി ബോർഡ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലുമായി 4 സെമിനാറുകൾ സംഘടിപ്പിച്ചു. ബയോവിൻ ചെയർമാൻ അഡ്വ.ഫാ. ജോൺ ചൂരപ്പുഴ യിൽ, ശ്രീ. ഷാജി ജോസ്, ഫീൽഡ് കോർഡിനേറ്റർമാരായ ശ്രീ. അനു ജോൺ, ശ്രീമതി ഷീല, ശ്രീ. ഫെബിൻ, ശ്രീ. ഹരീഷ്, ശ്രീമതി ഷെറിൻ, കോഫി ബോർഡ് സീനിയർ ലൈസൻ ഓഫീസർ, ജൂനിയർ ലൈസൻ ഓഫീസർ എന്നിവർ ക്ലാസുകൾ നയിക്കുകയും കർഷകരുമായി സംവ ദിക്കുകയും ചെയ്തു. ഇടവക പഞ്ചായത്ത് കേന്ദ്രീകരിച്ച് 2 സെമിനാറു കൾ, മാനന്തവാടി, ചെറുകാട്ടൂർ എന്നിവിടങ്ങളിൽ ഓരോ സെമിനാറു കളുമാണ് നടന്നത്. കർഷകരുടെ മികച്ച പങ്കാളിത്തം എല്ലാ സെമിനാ റുകളിലും ഫീൽഡ് കോർഡിനേറ്റർമാർ ഉറപ്പുവരുത്തി.

**വൊഫ**

**NAPP പരിശീലനം**

നെറ്റ് വർക്ക് ഓഫ് ഏഷ്യ പസഫിക് പ്രൊഡ്യൂസേഴ്സ് (NAPP) എന്ന ഏഷ്യ പസഫിക് രാജ്യങ്ങളിലെ കർഷകരുടെ കൂട്ടായ്മ 2018 ജൂലൈ മാസം കൊച്ചിയിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ വൊഫ വൈസ് ചെയർമാൻ ശ്രീ. ചാക്കോ ചെറുപ്ലാവിൽ, കോഡിനേ റ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ എന്നിവർ പങ്കെടുത്തു.

**സംഭരണം**

വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ജൂലൈ മാസം 99470 കിലോ കാപ്പി 80 രൂപ നിരക്കിലും, 10100 കിലോ കുരുമുളക് 435 രൂപ നിരക്കിലും, 14000 കിലോ പച്ച ഇഞ്ചി 60.8 രൂപ നിരക്കിലും, 14.5 കിലോ പാഷൻഫ്രൂട്ട് 45 രൂപ നിരക്കിലും സംഭരിച്ചു.

**സ്റ്റാഫ് ഇൻഷുറൻസ്**

വൊഫയിലേക്ക് പുതിയതായി വന്ന സ്റ്റാഫ് അംഗങ്ങളെക്കൂടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും, നേരത്തെ ഉൾപ്പെട്ട സ്റ്റാഫിന്റെ ഇൻഷുറൻസ് പുതുക്കുകയും ചെയ്തു. നിലവിൽ 27 സ്റ്റാഫ് അംഗങ്ങൾക്കും രണ്ട് ലക്ഷം രൂപയുടെ പരിരക്ഷ ലഭ്യമാകും വിധമാണ് ക്രമീകരിച്ചിരിക്കുന്നത്.

**കഫേ**

**സെമിനാർ**

2018 ജൂലൈ മാസം 6,7 തീയതികളിൽ കൊച്ചിയിൽ വച്ച് നടന്ന NAAP സംഘടിപ്പിച്ച ഫെയർട്രേഡ് സെമിനാറിൽ സംഘടനയെ പ്രതി നിധീകരിച്ച് സെക്രട്ടറി ശ്രീ.പി.എ. ജോസ്, കോഡിനേറ്റർ ശ്രീ. ബിബിൻ ജോയ് എന്നിവർ പങ്കെടുത്തു.

**സംഭരണം**

കഫേയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ജൂലൈ മാസം 43900 കിലോ കാപ്പി 70–72 രൂപ നിരക്കിൽ സംഭരിച്ചു.

**ബോണസ് വിതരണം**

സംഘടനയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഉൽപ്പന്നം സംഭരിച്ചതുവഴിയായി കർഷകർക്ക് 276694 രൂപ അധിക വിലയായി നൽകുകയുണ്ടായി. കാപ്പിക്ക് കിലോഗ്രാമിന് 3 രൂപയാണ് അധിക വില യായി നൽകിയത്.

**ബയോലാന്റ് അഗ്രോ പ്രൊസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ മൂല്ല്യ വർദ്ധ നവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസ സ്സിംഗ് സെന്റർ ജൂലൈ മാസത്തിലും കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ സംസ്കരിക്കുകയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോ വിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനു സരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി സി.ആർ.എ. ജോയിന്റ് സെക്രട്ടറി**

കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷന്റെ ദേശീയ സമിതി ജോയിന്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളിക്ക് അഭിനന്ദനങ്ങൾ! ഒഡീഷയിലെ റേഡിയോ നമസ്കാർ പ്രതിനിധി ഷാ അൻസാരി പ്രസിഡന്റായും ഡൽഹി റേഡിയോ സഞ്ചാ പ്രതിനിധി മൻമോഹൻ സിംഗ് സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. 200 ഓളം അംഗങ്ങളുള്ള ദേശീയ സമിതിയിലെ കേരളത്തിൽ നിന്നുള്ള ആദ്യ ജോയിന്റ് സെക്രട്ടറിയാണ് ഫാ.ബിജോ കറുകപ്പള്ളി. 16 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

**കർക്കിടകം- രാമായണം ക്വിസ്**

കർക്കിടക മാസാചരണത്തിന്റെ ഭാഗമായി രാമായണം ക്വിസ് സംഘടിപ്പിച്ചു. എല്ലാ ദിവസവും പ്രക്ഷേപണം ചെയ്ത രാമായണവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ശരിയുത്തരം നല്കിയവരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്ക് സമ്മാനം നല്കി.

**മാറ്റൊലി ഫ്രീഡം ക്വിസ്**

സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് റേഡിയോ മാറ്റൊലി ശ്രോതാക്കൾക്കായി മാറ്റൊലി ഫ്രീഡം ക്വിസ് സംഘടിപ്പിച്ചു. മത്സരത്തിന്റെ ആദ്യഘട്ടത്തിൽ റേഡിയോ മാറ്റൊലിയുടെ ഔദ്യോഗിക ഫെയ്സ് ബുക്ക് പേജായ കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി 90.4 വയനാട് എന്ന പേജിലൂടെ നൽകിയ ചോദ്യങ്ങൾക്ക് ശരിയുത്തരങ്ങൾ നൽകുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ട പത്ത് പേരടങ്ങിയ ടീമിൽ നിന്നും പീച്ചംകോട് സ്വദേശി നിസാർ വിജയിയായി.

**പങ്കാളിത്തം**

The Skill council for persons with Disabilty (SCPWD) ജൂലായ് 27-ന് വയനാട് ജില്ലയിലെ മാധ്യമ പ്രവർത്തകർക്കായി സംഘടിപ്പിച്ച അംഗപരിമിതരായവരുടെ അവകാശ സംരക്ഷണവും പങ്കാളിത്തവും സംര

ക്ഷണവും സംബന്ധിച്ച നിയമത്തെക്കുറിച്ച് ബത്തേരി അധ്യാപക ഭവനിൽ സംഘടിപ്പിച്ച ബോധവത്കരണ പരിപാടിയിൽ മാറ്റൊലിയെ പ്രതിനിധീകരിച്ച് ആൽബിൻ തോമസ് ആബിദ, അലീന എന്നിവർ പങ്കെടുത്തു.

ആഗസ്റ്റ് 04-ന് എടവക ഗ്രാമപഞ്ചായത്തിൽ വെച്ച് നടന്ന മലയോര ഹൈവേ വികസന സമിതിയുടെ യോഗത്തിൽ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**ദുരന്തമുഖത്ത് സേവന സന്നദ്ധരായി**

മഴക്കെടുതി മൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിന് മാനന്തവാടി രൂപതയോടും മറ്റ് സന്നദ്ധ പ്രവർത്തകരോടുമൊപ്പം റേഡിയോ മാറ്റൊലിയും കൈകോർത്തു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**മുലയൂട്ടൽ വാരാചരണം:** മുലയൂട്ടലിന്റെ പ്രാധാന്യം എല്ലാവരിലും എത്തിക്കുന്നതിനായി ഓഗസ്റ്റിലെ ആദ്യആഴ്ച മുലയൂട്ടൽ വാരമായി ആചരിക്കുന്നതിന്റെ ഭാഗമായി റേഡിയോ മാറ്റൊലി വിവിധ പരിപാടികൾ പ്രക്ഷേപണം ചെയ്തു. ആരോഗ്യ മന്ത്രിയുമായുള്ള അഭിമുഖം, ജാലകം, വിദഗ്ധരുടെ ക്ലാസ്സുകൾ തുടങ്ങി വൈവിധ്യമാർന്ന പരിപാടികളിലൂടെ മുലപ്പാലിന്റെ പ്രാധാന്യം ശ്രോതാക്കളിലേക്ക് എത്തിക്കാനായി.

**ത്രിവർണ്ണം:** സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി ത്രിവർണ്ണം എന്ന പേരിൽ ഓഗസ്റ്റ് 6 മുതൽ 15 വരെ വ്യത്യസ്തമായ പരിപാടികൾ റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്തു. ദേശഭക്തിഗാനങ്ങൾ, മഹത്വചനങ്ങൾ, സന്ദേശങ്ങൾ, മാറ്റൊലി ഫ്രീഡം ക്വിസ് എന്നിവ സംഘടിപ്പിച്ചു.

**ദുരിതപ്പെരുമഴ:** വയനാട്ടിലെ വിവിധ ദുരിതാശ്വാസ ക്യാമ്പിൽ നിന്നുയരുന്ന വേദനകൾ ദുരിതപ്പെരുമഴ എന്ന പ്രത്യേക പരിപാടിയിലൂടെ ശ്രോതാക്കളുടെ മുന്നിലെത്തിച്ചു. വാളാട് പ്രദേശത്തെ വാഴ കർഷകരുടെ വേദന കണ്ണീർ വിളയുന്ന ഭൂമി എന്ന പരിപാടിയിൽ ഉൾപ്പെടുത്തി. പുഞ്ചകൃഷിപോലും കൊയ്യാനാകാത്തവരും നഞ്ചകൃഷിയിൽ വിത്ത് പോലും വിതയ്ക്കാനാകാത്തവരുമായ നെൽകർഷകരുടെ വേദനകളാണ് കണ്ണീർപ്പാടത്ത് എന്ന പ്രത്യേക പരിപാടിയിൽ ഉൾക്കൊള്ളിച്ചത്. തുടർച്ചയായ മഴയും വെള്ളക്കെട്ടും കാരണം ദുരിതത്തിലായ തീറ്റപ്പുൽ കർഷകരെക്കുറിച്ചുള്ള പരിപാടിയും പ്രക്ഷേപണം ചെയ്തു.

**ജനങ്ങൾക്കൊപ്പം:** കുടുംബശ്രീ ജില്ലാ മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ ജയചന്ദ്രൻ കുടുംബശ്രീയുടെ പ്രവർത്തനങ്ങളെയും

വ്യവസായ വകുപ്പ് മുന്നോട്ട് വെക്കുന്ന പ്രവർത്തനങ്ങളെ ജില്ലാ വ്യാവസായിക കേന്ദ്രം ജനറൽ മാനേജർ ടി.എം.സുരേഷ് കുമാറും മൃഗസംരക്ഷണ വകുപ്പിന്റെ സേവനങ്ങളെക്കുറിച്ച് ഡെപ്യൂട്ടി ഡയറക്ടർ ഡോ.മീരാ മോഹൻദാസും ജനങ്ങൾക്കൊപ്പം പരിപാടിയിൽ പരിചയപ്പെടുത്തി.

**നേരും പൊരുളും:** കാർഷിക മേഖലയിലെ പ്രതിസന്ധി, വിവിധ വികസന പദ്ധതികൾ ഒരുക്കുന്ന തൊഴിൽ അനുകൂല സാഹചര്യങ്ങൾ, സാമൂഹിക മാധ്യമങ്ങൾ നിരീക്ഷണ വിധേയമാക്കപ്പെടുമ്പോൾ, സ്ത്രീ അവകാശങ്ങളും അവകാശ നിഷേധങ്ങളും, ബാങ്ക് ദേശസാൽകരണ ത്തിന്റെ 50 വർഷം, കലുഷിതമാകുന്ന കലാലയ രാഷ്ട്രീയം, ചരിത്രപരമായ കാൽവെപ്പിന് 50 ആണ്ട്, പാഴായി പോകുന്ന പാർലമെന്റ് സമ്മേളനങ്ങൾ, ഭരണമികവിൽ കേരളം തുടർച്ചയായ മൂന്നാം വർഷവും ഒന്നാമത്, വ്യക്തിഗത വിവരങ്ങൾ ചോരാതെ സൂക്ഷിക്കാം, വിവിധ രാമായണങ്ങളിലൂടെ, വിദൂര വിദ്യാഭ്യാസ സാധ്യതകൾ അടയുമ്പോൾ, ക്ഷീരമേഖലയിലെ വെല്ലുവിളികൾ, പാലിലെ മായം തടയാൻ, കൃത്യമാക്കാം-ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ, പാരമ്പര്യ കൃഷിരീതികളിലേക്ക് മടങ്ങാം, കടലും കാലാവസ്ഥയും, വർദ്ധിക്കുന്ന തൊഴിൽ പ്രതിസന്ധി എന്നീ വിഷയങ്ങളാണ് നേരും പൊരുളും പരിപാടി ചർച്ച ചെയ്തത്.

**പാനൽ ചർച്ച:** ഒറ്റപ്പെടുന്ന വയനാട്, വയനാടിന്റെ റെയിൽവ്വേ സ്വപ്നങ്ങൾ, ആദിവാസി സമൂഹവും പ്രശ്നങ്ങളും പ്രതിവിധികളും എന്നീ വിഷയങ്ങളിൽ പാനൽ ചർച്ച സംഘടിപ്പിച്ചു.

**മനസൗഖ്യ:** ബുദ്ധിവികാസക്കുറവും അതിന്റെ കാരണങ്ങളും എന്ന വിഷയത്തിൽ ചെന്നലോട് ലൂയിസ് മൗണ്ട് മാനസികാരോഗ്യ കേന്ദ്രത്തിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റായ ഡോ.ലിൻജോ സി.ജെയും ചില കുട്ടികളിലെങ്കിലും കണ്ടുവരുന്ന ശ്രദ്ധകുറവും പിരുപ്പിരുപ്പും എന്ന അവസ്ഥയെകുറിച്ചും ഒഡിഡി, കണ്ടക്ട് ഡിസോഡർ എന്നീ സ്വഭാവ വൈകല്യങ്ങളെകുറിച്ചുള്ള ഒരു താരതമ്യത്തെക്കുറിച്ച് സൈക്കോളജിസ്റ്റ് ആൻവിൻ സോയിയും വിവരങ്ങൾ പങ്കുവെച്ചു.

**അരങ്ങ്:** അനീസ് ആലപിച്ച മാപ്പിളപ്പാട്ട്, എസ്.എച്ച് പ്രൊവി ഷ്യൽ ഹൗസിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച ഗാനങ്ങൾ എന്നിവ യാണ് അരങ്ങിൽ പ്രക്ഷേപണം ചെയ്തത്.

**ധന്യമീ ജീവിതം:** വെള്ളമുണ്ട പത്താംമൈൽ സ്വദേശി ടി.ജി. ബെന്യാമിൻ മാസ്റ്റർ, 25 വർഷത്തെ സൈനിക സേവനത്തിന് ശേഷം

വിശ്രമജീവിതം നയിക്കുന്ന വെള്ളമുണ്ട പത്താംമൈൽ സ്വദേശിയായ എം.ഇ.ജോസഫ്, വെള്ളമുണ്ട ഏഴേനാൽ സ്വദേശി എം.മുകുന്ദൻ മാസ്റ്റർ എന്നിവരാണ് ധന്യമീ ജീവിതത്തിൽ അനുഭവങ്ങൾ പങ്കുവെച്ചത്.

**പ്രത്യേക പരിപാടികൾ:** ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണിയിലിറക്കുന്ന കർഷകരുടെ കൂട്ടായ്മയായ അജാമിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും, തേനീച്ച കർഷകർക്ക് വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനെക്കുറിച്ച് ഹോർട്ടികോർപ്പ് റീജിയണൽ ഓഫീസിലെ പ്രോഗ്രാം ഓഫീസർ ബെന്നി ഡാനിയേൽ നടത്തിയ പ്രത്യേക അഭിമുഖവും, സ്വച്ഛ് സർവ്വേക്ഷൻ ക്യാമ്പിനെക്കുറിച്ച് വയനാട് ജില്ലാ ശുചിത്വമിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എൻ.പി.രാജേന്ദ്രൻ നൽകിയ വിവരങ്ങളും ഉമ്പായി എന്ന ഗസൽ ഗായകന്റെ കുഞ്ഞ് ആരാധകനായ മാനന്തവാടി സ്വദേശി മിഹ്റാജുമായുള്ള അഭിമുഖവും പ്രക്ഷേപണം ചെയ്തു.

**ജീവിതവളയം:** മാനന്തവാടിയിൽ ടാക്സിരംഗത്ത് പ്രവർത്തിക്കുന്ന സിറിൽ വലിയപറമ്പിൽ, ബിജു കെ.മാത്യു, പി.അനിൽകുമാർ അഞ്ചുകുന്നിൽ ഡ്രൈവിംഗ് സ്കൂൾ നടത്തിപ്പിലേക്ക് വന്നിട്ടുള്ള ജില്ലയിലെ ഏക വനിത സൂസി തോമസ് എന്നിവർ ജീവിതവളയം പരിപാടിയിൽ പങ്കെടുത്തു.

**ഓവർഡ്രൈവ്:** രാജ്യത്ത് ജൂൺ മാസത്തിൽ കാർ വിൽപ്പന റെക്കോർഡ് നേട്ടം കൈവരിച്ചതാണ് ഓവർഡ്രൈവ് പ്രധാനമായും പങ്കുവെച്ചത്. ജൂണിൽ മാത്രം 2,73,759 കാറുകൾ വിറ്റഴിച്ചു. ഇതോടൊപ്പം കാറിന്റെ മൈലേജ് മെച്ചപ്പെടുത്താനുള്ള വിദ്യകളും ഓവർഡ്രൈവിൽ പ്രക്ഷേപണം ചെയ്തു.

**പൊൻപുലരി:** വെള്ളമുണ്ടയിലുള്ള സ്നേഹദീപം അമൃതം ന്യൂട്രിമിക്സ് യൂണിറ്റിനെയും തവിഞ്ഞാലിൽ പ്രവർത്തിക്കുന്ന കാരുണ്യ എന്ന കുടുംബശ്രീയെക്കുറിച്ചും, കുടുംബശ്രീയുടെ വിവിധ പ്രവർത്തന മേഖലകളെകുറിച്ച് കുടുംബശ്രീ ജില്ലാമിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ ഹാരിസ് പങ്കുവെച്ച വിവരങ്ങളുമാണ് പൊൻപുലരിയിൽ പ്രക്ഷേപണം ചെയ്തത്.

**ടെക്നോ മാറ്റൊലി:** ജിയോ ഫോൺ അവതരിപ്പിച്ചിരിക്കുന്ന ജിയോ ഫോൺ 2 ന്റെ സവിശേഷതകളും സാംസംങ് ജെ സീരിസിൽ ഉൾപ്പെട്ട ജെ-8, ഷവോമിയുടെ റെഡ്മി 5 എ, ഷവോമി പുറത്തിറക്കിയ വൈ 2 എന്നീ ഫോണുകളെ ടെക്നോമാറ്റൊലി പരിചയപ്പെടുത്തി.

**ജാലകം:** കൊയിലേരി ഉദയാ വായനശാലയുടെ

ആഭിമുഖ്യത്തിൽ ജില്ലാ ആശുപത്രിയിൽ അരുൺ ഗ്രൂപ്പ് ചെയർമാൻ ജോയ് അറക്കലിന്റെ നേതൃത്വത്തിൽ നവീകരിച്ച ഡയാലിസിസ് യൂണിറ്റ് ഉദ്ഘാടനത്തിന്റെ റിപ്പോർട്ട്, അന്താരാഷ്ട്ര നൈപുണ്യ ദിനത്തോട് അനുബന്ധിച്ച് കുടുംബശ്രീ സംഘടിപ്പിച്ച വൈകല്യങ്ങളെ വെല്ലുവിളിച്ച് സധൈര്യം മുന്നോട്ട് വരുന്ന യുവതീ യുവാക്കൾ പങ്കെടുത്ത മത്സരം എന്ന പരിപാടിയുടെ റിപ്പോർട്ട് എന്നിവ ജാലകത്തിൽ പ്രക്ഷേപണം ചെയ്തു.

**ക്ഷീരവാണി:** സഹകരണദിനത്തോട് അനുബന്ധിച്ച് മിൽമയുടെ മുൻ മാനേജിംഗ് ഡയറക്ടർ കെ.ടി.തോമസ് നടത്തിയ വിഷയാവതരണത്തിന്റെ തുടർഭാഗങ്ങളും ബത്തേരി മലവയൽ സ്വദേശി രാജുവിന്റെ ക്ഷീരമേഖലയിലെ അറിവുകളും തലപ്പുഴ ക്ഷീരോത്പാദക സഹകരണ സംഘവും മലബാർ മേഖലാ യൂണിയനും ചേർന്ന് നടത്തിയ പഠന ക്യാമ്പിൽ വയനാട് പ്രൊക്യൂർമെന്റ് ആന്റ് ഇൻപുട്ട് യൂണിറ്റ് തലവൻ കെ.ആർ. വാസുദേവൻ നയിച്ച ക്ലാസ്സിന്റെ പ്രസക്ത ഭാഗങ്ങളുമാണ് ക്ഷീരവാണി പ്രക്ഷേപണം ചെയ്തത്.

**വയൽനാട്:** പാഷൻ ഫ്രൂട്ടിന്റെ ആധുനിക ജൈവ കൃഷിരീതികളെക്കുറിച്ചും മൂല്യവർദ്ധിത ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിനേക്കുറിച്ചും അമ്പലവയൽ കെ.വി.കെ.യിലെ ഹോർട്ടികൾച്ചർ അസി.പ്രൊഫസർ ഡോ.സിമി നൽകിയ ക്ലാസും, മണ്ണിന്റെ സ്വഭാവമറിഞ്ഞ് സസ്യങ്ങൾക്ക് അവയുടെ വ്യത്യസ്ത വളർച്ചാഘട്ടങ്ങളിൽ ആവശ്യമായ പോഷകങ്ങൾ നൽകുന്നതിന്റെ ആവശ്യകതയെകുറിച്ച് ദേവിദാസ് മേനോൻ പങ്കുവെച്ചതുമാണ് വയൽനാട് പരിപാടിയിൽ പ്രക്ഷേപണം ചെയ്തത്.

**ഹോമിയോകെയർ:** വീട്ടമ്മമാർക്ക് സാധാരണയായി കണ്ടുവരുന്ന രോഗങ്ങളും അവയ്ക്കുള്ള പ്രതിവിധികൾ ചുള്ളിയോട് ഹോമിയോ ഡിസ്പെൻസറിയിലെ ചീഫ് മെഡിക്കൽ ഓഫീസർ ഡോ.മദൻ മോഹൻ പങ്കുവെച്ചതും ലഹരിവിമുക്ത ചികിത്സ ഹോമിയോപ്പതിയിലൂടെ എന്ന വിഷയം ഡോ.കെ.ജി.രഞ്ജിത്ത് പങ്കുവെച്ചതും അഞ്ചുകന്ന് ജില്ലാ ഹോമിയോപ്പതി ആശുപത്രിയിലെ ലഹരി വിമുക്ത ക്ലിനിക്കിലെ ചാർജ്ജ് മെഡിക്കൽ ഓഫീസർ ഡോ. മുഹമ്മദ് തസ്നീം വിവരങ്ങൾ പങ്കുവെച്ചതുമാണ് ഹോമിയോ കെയറിൽ ശ്രോതാക്കൾ കേട്ടത്.

**ഞങ്ങൾക്കുമുണ്ട് പറയാൻ:** ബാർബർ രംഗത്തേക്ക് ഉത്തരേന്ത്യൻ തൊഴിലാളികൾ എത്തിയതോടെ പരമ്പരാഗതമായി ജില്ലയിലെ പരമ്പരാഗത ബാർബർ തൊഴിലാളികൾ നേരിടുന്ന വരുമാന

മില്ലായ്മയാണ് ശ്രോതാക്കളുടെ ശ്രദ്ധയിലേക്ക് ഈ പരിപാടിയിലൂടെ കൊണ്ടു വന്നത്.

**പ്രകാശഗോപുരങ്ങൾ:** തലച്ചോറിന് ഗുരുതരമായ രോഗം ബാധിച്ച് കോഴിക്കോട് ബേബിമെമ്മോറിയൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന തവിഞ്ഞാൽ വിമലനഗറിൽ താമസിക്കുന്ന ഇളംപൂൾ ഐ.സി. വിനോദിന്റെ മകൻ ഏഴാം ക്ലാസ്സിൽ പഠിക്കുന്ന പന്ത്രണ്ട് വയസ്സുള്ള സൗരവിന് വേണ്ടി ചികിത്സാ ധനസമാഹരണ കമ്മിറ്റി പ്രവർത്തിക്കുന്നതിനെയാണ് ഈ പ്രകാശഗോപുരങ്ങൾ പ്രക്ഷേപണം ചെയ്തത്.

**കുടുംബവേദി:** മക്കളുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും മാനസിക പക്വതയുള്ള വരാകുവാൻ മക്കളെ എങ്ങനെ പരിശീലിപ്പിക്കണം എന്നതും സ്വാർത്ഥതയില്ലാതെ മക്കളെ എങ്ങനെ വളർത്താം എന്നീ വിഷയങ്ങൾ കുടുംബവേദി ചർച്ച ചെയ്തു.

**സ്മരണാഞ്ജലി:** നെൽസൺ മണ്ടേല, ഡോ.എപി.ജെ. അബ്ദുൾ കലാം, മുഹമ്മദ് റഫി, ഉമ്പായി, എന്നിവരെ സ്മരണാഞ്ജലി അനുസ്മരിച്ചു.

**മാറ്റൊലി ടാക്കീസ്:** മതിലുകൾ, തനിയാവർത്തനം, മകൾക്ക് എന്നീ ചലചിത്രങ്ങൾ മാറ്റൊലി ടാക്കീസിൽ ഉൾപ്പെടുത്തി.

**ആയുർകെയർ:** കർക്കിടകത്തിൽ ശ്രദ്ധിക്കേണ്ട ആരോഗ്യ പരിചരണത്തെ കുറിച്ചാണ് ആയുർകെയർ പങ്കുവെച്ചത്. തോൽപ്പെട്ടി ഉദയഗിരി റിജുവിനേഷൻ റിട്രീറ്റ് സെന്റർ ആന്റ് ഹോസ്പിറ്റലിലെ സീനിയർ ഫിസിഷ്യൻ ഡോ.ജിതിൻ ആണ് വിവരങ്ങൾ പങ്കുവെച്ചത്. മഴക്കാലത്തെ ആരോഗ്യ പരിചരണത്തെകുറിച്ചുള്ള അറിവുകൾ പകർന്നത് അമ്പലവയൽ സഹ്യ ആയുർവേദ ആശുപത്രിയിലെ ഫിസിഷ്യൻ ഡോ.സാജിത ഷറഫുദ്ദീൻ ആണ്. വ്യക്തി-പരിസര ശുചിത്വത്തിന്റെ പ്രാധാന്യമാണ് ചെന്ദലോട് ഇന്ദ്രാ ആയുർവേദിക് ക്ലിനിക്കിലെ ഡോ. ഇന്ദു കിഷോർ നൽകിയത്.

**എഴുത്തരങ്ങ്:** ഒരു പുഴകാലം (കഥ), അമ്മ (കവിത), യക്ഷി (കഥ), ചിലങ്ക(ചെറുകഥ), ശരശയ്യ(കവിത), കൃഷ്ണൻ വായിച്ചറിയാൻ (ചെറുകഥ) പിങ്ക് ഫ്രോക്ക് (ചെറുകഥ), കോസ്റ്റെലേഷൻസ് ഇൻ ദ ഗ്രേവിയാഡ്(ഇംഗ്ലീഷ് കവിത), പിരിയാൻ വിടാതെ ഒരു പ്രണയം (ചെറുകഥ) ഓജോ, കളിത്തോഴൻ, ദയ എന്നീ ചെറുകഥകളും രാധേയം എന്ന കവിതയും പ്രക്ഷേപണം ചെയ്തു.

**ഫാ. മനോജ് കാക്കോനാൽ** - അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

**കൈയ്യൂന്നി സെമിനാർ**

കൈയ്യൂന്നിയിൽ വച്ച് നടത്തപ്പെട്ട ജൈവകർഷക സെമിനാറിൽ സംസ്ഥാന കൃഷിവകുപ്പ് A.D. Jayalakshmi ആത്മ ഓഫീസർ യമുന, സന്ധ്യ എന്നിവർ കഫെ കോ-ഓർഡിനേറ്ററിന്റെ നേതൃത്വത്തിൽ നട ത്തുകയും ജൈവകൃഷി FPG എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നയിക്കുകയും ചെയ്തു. മീറ്റിംഗിൽ 46 അംഗങ്ങൾ പങ്കെടുക്കു കയുണ്ടായി.

**NDS ഇവാലുവേഷൻ മീറ്റിംഗ്**

ഗൂഡല്ലൂർ അരുൾനിലയം ചർച്ചിൽ വെച്ച് നടത്തപ്പെട്ട NDS Monthly ഇവാലുവേഷൻ മീറ്റിംഗിൽ ശ്രീ. ബിജു ചെളിവയൽ സ്വാഗതം ആശംസിക്കുകയും NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ അദ്ധ്യക്ഷനാവുകയും ചെയ്ത യോഗത്തിൽ എല്ലാ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുക്കുകയും ഓരോ യൂണിറ്റിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**വയനാട്ടിലെ പ്രളയ ദുരിത ബാധിതർക്കായ് നീലഗിരിയിലെ KAFFE ജൈവകർഷകരുടെ കൈതാങ്ങ്**

ജലപ്രളയം മൂലം ദുരിതമനുഭവിക്കുന്നവർക്കായ് KAFFE കോ ഓർഡിനേറ്ററിന്റെ നേതൃത്വ ത്തിൽ ജൈവകർഷക ഗ്രൂപ്പുകളിൽ നിന്നും ധനസമാഹരണം നടത്തുകയും സമാഹരിച്ച ഭക്ഷ്യവസ്തുക്കളും നിത്യോപയോഗ സാധനങ്ങളും വയനാട്ടിലെ ചുണ്ടേൽ, ഇടിയവേലൻ, മുണ്ടേരി, തുർക്കി കോളനി എന്നിവിടങ്ങളിലെ ദുരിതബാധിതർക്കായി വിതരണം ചെയ്തു.

**ബയോവിൻ NDS നീലഗിരി മേഖല കോഡിനേറ്റർ**

ബയോവിൻ NDS നീലഗിര ിമേഖലാ കോഡിനേറ്ററായി അനിൽ തോട്ടുങ്കലിനെ നിയമിച്ചു. ഓവാലി, ശ്രീമധുര, ചെറുമുള്ളി പഞ്ചായ ത്തുകളിൽ ജൈവകർഷകരെ ചേർക്കുന്നു.

**ആദരാഞ്ജലികൾ**

NDS ധർമ്മഗിരി യൂണിറ്റ് C.O. ശ്രീമതി ജോളി തോമസ് പു ത്തൻപുരയ്ക്കലിന്റെ അകാല നിര്യാണത്തിൽ NDS നീലഗിരി മേഖല അനുശോചനം രേഖപ്പെടുത്തുകയും NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ ചരമശുശ്രൂഷയിൽ പങ്കെടുത്ത് റീത്ത് സമർപ്പിക്കുകയും ചെയ്തു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

# ജയിൽ മിനിസ്ട്രി

മാനന്തവാടി ജില്ലാ ജയിലിലും വൈത്തിരി സബ്ജയിലിലും തടവറ പ്രേഷിത പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ടു പോകുന്നു. 'നിങ്ങൾ ഒറ്റയ്ക്കല്ല' എന്ന സന്ദേശവുമായി കെ.സി.വൈ.എം. വൈത്തിരി ശാഖയുടെ നേതൃത്വത്തിൽ സബ്ജയിൽ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ജില്ലാ ജയിലും സബ്ജയിലും സന്ദർശിക്കുവാനും പരിപാടികൾ അവതരിപ്പിക്കുവാനും താത്പര്യമുള്ളവർ അറിയിക്കുമല്ലോ.

തടവറയിൽ കഴിയുന്നവർക്ക് പ്രതീക്ഷയും സ്വപ്നങ്ങളും നല്കി മാനസാന്തരത്തിലേക്ക് നയിക്കുന്നതിനോടൊപ്പം തന്നെ പ്രധാനപ്പെട്ടതാണ് ജയിലുകളിൽ നിന്ന് പുറത്തുവരുന്നവരെ ഒറ്റപ്പെടുത്താതെ സ്വീകരിക്കാൻ കുടുംബാംഗങ്ങളെ പ്രാപ്തരാക്കുക എന്നത്. ഈ ഒരു ഉദ്ദേശത്തോടെ ജയിലുകളിൽ കഴിയുന്നവരുടെ ഭവനങ്ങൾ സന്ദർശിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ രൂപതയുടെ പരിധിക്കുള്ളിൽ ആരെങ്കിലും (അക്രൈസ്തവരും) ശിക്ഷിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്നുണ്ടെങ്കിൽ അറിയിക്കുമല്ലോ. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ് ഫ്രേട്ടേണിറ്റി

**July-August 2018**

The IQAC and the PTA of the college organized an Induction cum Orientation Programme for the newly admitted first year students after the completion of admissions. A combined meeting of the new entrants and their parents was also held as part of the Induction Programme. The Students' Union of Kannur University organized an Academic Seminar on UGC Repeal Act 2018 at the college in which Sri Shanavas P H, Assistant Professor of Economics, Government College Mananthavady, was the key-note Speaker. The Principal and Kannur University Union Vice-chairman also spoke on the occasion.

The Entrepreneurship Development Club of Mary Matha Arts & Science College organized a one day seminar cum orientation programme in collaboration with the Industrial Development Corporation on 18 July 2018 in which Sri Pathrose PM, Executive Director, Jeevan Jyothi, Kalpetta, was the chief Resource Person. The National Service Scheme of the college organized a legal awareness programme in which Adv Joseph conducted the class for the students.

Independence Day was observed without any pomp or festivity. In view of the sufferings of the people of Wayanad consequent on the Monsoon fury, Onam and Independence Day celebrations were suspended and all our resources were diverted to the Flood Relief work started already by our NCC Cadets, NSS Volunteers and the AICUF Unit. After the ceremonial Flag hoisting, the Manager and Principal spoke reiterating the urgency of the Flood Relief work. The NCC Cadets, NSS Volunteers and AICUF had already got their act together and have been actively involved in the Flood Relief work to provide relief to the affected people in the Relief Camps by way of their volunteer service and supply of provisions.

**Dr Savio James**
Principal

# അറിയിപ്പുകൾ

## 1) Deliverance Retreat (Conventual Francican Friars)

I write this letter to inform you about a Deliverance Retreat led by Rev. Fr. Elias Vella that will be held in our Provincial House, in Karukutty, Kerala, from October 29 to November 2, 2018. The Retreat Preacher Fr. Elias Vella is a Franciscan Conventual Priest from Malta. He was a teacher of theology for 24 years.

At present he is the President of the Archbishop's Commission for Exorcism and Satanism in Malta. For 20 years he is the official exorcist in Malta. He is a renowned international retreat preacher. We are indeed blessed to have his retreat in this year. As I have mentioned above he is an authentic person to speak about Exorcism and conduct a Deliverance Retreat.

This is going to be one of the two annual retreats this year for the Conventual Friars. Knowing its importance and authenticity, I thought of to make it available also for other priests and Religious. Since there are only limited seats (50) available.. So if you have some priests who are interested to participate in this retreat please inform us as early as possible.

For enquiries and booking please contact Friar Sinto Thiruthel, our Province Secretary. His contact Information: 9497397147 (Mobile); 0484 2613449 (Friary), sthiruthel@gmail.com (e-mail).

Thanking you in anticipation and wishing you all the Blessings of God, I remain

Your brother in St. Francis

**Fr. Leo Payyampilly OFM Conv.**
Minister Provincial

******

## 2) വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

2018 മാർച്ചിലെ പരീക്ഷയിൽ SSLC പാസായിട്ടുള്ളവരും, കത്തോലിക്കരും, സാമ്പത്തികമായി വിഷമതകൾ നേരിടുന്നവരുമായ 150 വിദ്യാർത്ഥികളെ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി തിരഞ്ഞെടുക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 5000 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നതാണ്.

**നിബന്ധനകൾ**

1. 10A+ (Fill A+) ഉള്ളവർ മാത്രമാണ് അപേക്ഷിക്കേണ്ടത്.
2. ഇതോടൊന്നിച്ച് കൊടുത്തിട്ടുള്ള അപേക്ഷാഫോറം പൂർണ്ണമായും പൂരിപ്പിച്ച് അയയ്ക്കണം.
3. CBSE, ICSE, Tamil Board Exam മുതലായ വിഭാഗങ്ങൾ അപേക്ഷിക്കേണ്ടതില്ല.
4. 2018 നു മുൻപ് പാസ്സായവർ അപേക്ഷിക്കേണ്ടതില്ല.
5. 150 ൽ കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ കമ്പ്യൂട്ടർ നറുക്കെടുപ്പിലൂടെ വിജയികളെ തിരഞ്ഞെടുക്കുന്നതാണ്. KMCA Scholarship കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

   അപേക്ഷകർ മാർക്ക് ലിസ്റ്റിന്റെ Self Attested Copy യോടൊപ്പം താഴെ കൊടുത്തിരിക്കുന്ന വിലാസത്തിലേക്ക് സാധാരണ തപാലിൽ സെപ്റ്റംബർ 25-ന് മുമ്പായി അയയ്ക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

**അഡ്രസ്സ്:**

കെ.റ്റി. തോമസ് കരിപ്പാപ്പറമ്പിൽ
ഡി.റ്റി. റോഡ്
കാഞ്ഞിരപ്പറ്റി - 686 507

NB:- Acknowledgment ആവശ്യമുള്ളവർ Self Addressed Postcard കൂടി അപേക്ഷയൊടൊപ്പം അയയ്ക്കണം. അപേക്ഷാഫോമുകൾക്ക് thomkarippa@gmail.com എന്ന ഈ-മെയിലിൽ ആവശ്യപ്പെടുകയോ, നേരിട്ട് ഭാരവാഹികളിൽ ആർക്കെങ്കിലും Self Addressed / Stamped Cover അയയ്ക്കുകയോ ചെയ്താൽ ലഭിക്കുന്നതായിരിക്കും.

# Pastoral Centre Programme



**Septemper 2018**

| | | |
|---|---|---|
| 1- 5 | - | Marriage Preparation course |
| 7 | - | Department of Youth Ministry |
| 8 | - | Department of Youth Ministry |
| | | Counselling |
| 9 -13 | - | Zion Retreat |
| 16 - 21 | - | Priests' Annual Retreat I$^{st}$ Batch |
| 21 | - | CML |
| 23- 28 | - | Priests' Annual Retreat 2$^{nd}$ Batch |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



### *September 2018*

| | | |
|---|---|---|
| *1* | *Sat 2 Sun .........* | *Engaged* |
| *3* | *Mon .................* | *Visitors' Day* |
| *4* | *Tue 5 Wed .........* | *Kunnoth: Good Shepherd Major Seminary* |
| *7* | *Fri ....................* | *Out of Station* |
| *8* | *Sat ....................* | *Engaged* |
| *9* | *Sun ...................* | *Palemad: Pastoral Visit* |
| *10* | *Mon ..................* | *Visitors' Day* |
| *11* | *Tue ...................* | *Nadavayal : CMC superiors Meeting* |
| *12* | *Wed ..................* | *Visitors' Day* |
| *13* | *Thu ..................* | *Engaged* |
| *14* | *Fri 15 Sat .........* | *Kakkanad* |
| *16* | *Sun 21 Fri ........* | *Priests' Annual Retreat Ist Batch* |
| *23* | *Sun 28 Fri ........* | *Priests' Annual Retreat 2nd Batch* |
| *29* | *Sat .................* | *Nadavayal: Ozanam Bhavan* |
| *30* | *Sun ..................* | *Pastoral Visit: Kalluvayal* |

### *October 2018*

| | | |
|---|---|---|
| *1* | *Mon 2 Tue .........* | *Engaged* |
| *3* | *Wed ..................* | *Visitors' Day* |
| *4* | *Thu 10 Wed ......* | *Engaged* |
| *11* | *Thu ...................* | *Kottagiri : Blessing of Holy Spirit Convent* |

| | |
|---|---|
| *12 Fri 13 Sat .........* | *Out of Station* |
| *14 Sun ..................* | *Mahe: Holy Mass* |
| *15 Mon 17 Wed ......* | *Engaged* |
| *18 Thu 21 Sun ......* | *Youth Convention* |
| *24 Wed .................* | *Divine Providence Seminary* |
| *25 Thu .................* | *Thenery: Kalpetta Mekhala Mothers Association Anniversary* |
| *26 Fri ...................* | *Out of station* |
| *28 Sun ..................* | *Pastoral Visit: Puthiyidomkunnu* |
| *29 Mon ................* | *Bathery: Vestition MSMI Sisters* |
| *30 Tue ..................* | *Ruby Nagar: Blessing of CMC Convent* |
| *31 Wed ..................* | *Vestition FCC Sisters* |